കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ. (P12)1622/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 21/12/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാഞ്ഞാൾ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(P12)1622/2024 തീയ്യതി: 21/12/2024

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18**, (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2023 മുതൽ 16-11-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 33 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-11-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.റെഫി ജോൺ	ഡെപ്യൂട്ടി ഡയറക്ടർ	18-11-2024	23-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
18-11-2024	23-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

പ്രസാദ് പി, ഓഡിറ്റ് ഓഫീസർ
ഷർഫുദ്ദീൻ.എസ്.എച്ച്, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
കന്തസ്വാമി.ഐ, സീനിയർ ഗ്രേഡ് ഓഡിറ്റർ
രമ്യ.കെ.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
തങ്കമ്മ.വി.	പ്രസിഡന്റ്	01-04-2023	31-03-2024
ആൽഫ്രഡ് സോജൻ	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ദിപിൻ.എം.എൻ.	കൃഷി ഓഫീസർ	01-04-2023	05-06-2023
കൃഷ്ണ.വി.ആർ	കൃഷി ഓഫീസർ	06-06-2023	31-03-2024
സോണി വിൻസെന്റ്	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	31-03-2024

ഡോ.ദിവ്യ.കെ.	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)	01-04-2023	31-03-2024
ഡോ.നിനു രാജു തോട്ടാൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	31-03-2024
ഡോ. ജിഷ ജേക്കബ്	മെഡിക്കൽ ഓഫീസർ(ആയുർവ്വേദം)	01-04-2023	31-03-2024
ഡോ.രാജേഷ്.എം.ബി.	വെറ്റിനറി സർജൻ	01-04-2023	31-03-2024
എം.എൻ.ബർജിലാൽ	പ്രധാന അദ്ധ്യാപകൻ ,ജി യു പി എസ് കിള്ളിമംഗലം	01-04-2023	31-03-2024
ബേബി വത്സല.സി.എൻ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	31-03-2024
സൗമ്യ.എം.എസ്.	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	01-04-2023	30-06-2023
ദിവ്യ ഉണ്ണി	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	01-07-2023	16-03-2024
സൗമ്യ.എം.എസ്.	ഐ.സി.ഡി.എസ് സൂപ്പർ വൈസർ	17-03-2024	31-03-2024
ജിഷ.കെ.ജി.	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ഷിബുകുമാർ	ഫിഷറീസ് ഇൻസ്പെക്ടർ	01-04-2023	31-03-2024
രഞ്ജിത്ത് റാഫേൽ	വി.ഇ.ഒ (കിള്ളിമംഗലം & പൈങ്കുളം സർക്കിൾ)	01-04-2023	07-06-2023
ആര്യ പി	വി.ഇ.ഒ (കിള്ളിമംഗലം & പൈങ്കുളം സർക്കിൾ)	08-06-2023	05-07-2023
സുനിജ ആർ വൈ	വി.ഇ.ഒ (കിള്ളിമംഗലം & പൈങ്കുളം സർക്കിൾ)	06-07-2023	14-07-2023
അരുൺകുമാർ പി എസ്	വി.ഇ.ഒ (കിള്ളിമംഗലം & പൈങ്കുളം സർക്കിൾ)	15-07-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല	1-1-1
2	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
3	ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല	1-1-2
4	Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല	1-1-3
5	മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല	1-1-4
6	കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല	1-1-5
7	കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല	1-1-6
8	വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല	1-1-7
9	ജേണൽ എൻട്രികൾക്ക് ആധികാരികമായ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല	1-1-8
10	അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല	1-1-9
11	ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ കണ്ട അപാകങ്ങൾ	1-1-10
12	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-11
13	രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല	1-1-12
14	ബജറ്റ്	1-2
15	ഫണ്ട് വിനിയോഗം	1-3
16	പദ്ധതി അവലോകനം	1-4
17	ക്ഷേമ പെൻഷനുകൾ	1-5
18	തൊഴിലുറപ്പ് പദ്ധതി	1-6
19	ക്യാഷ് ബാലൻസ് പരിശോധന	1-7
20	ആഭ്യന്തരനിയന്ത്രണം	1-8
21	ഭരണസമിതിയോഗമിനിറ്റ്സ് - സമയപരിധിക്കകം ക്ലോസ് ചെയ്യുന്നില്ല	1-9
22	കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല	1-10-1
23	തൊഴിൽനികുതി പിരിക്കുന്നതിലെ അപാകങ്ങൾ	1-10
24	പാരാമെഡിക്കൽ സ്ഥാപനങ്ങൾ FATEOS ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു	1-11-1
25	വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ	1-11
26	ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു	1-12
27	അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല	1-13-1
28	റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു	1-13-2
29	ടർഫിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല	1-13-3
30	വസ്തു നികുതി - അപാകതകൾ	1-13
31	കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷാ ഫീസ് കുറവായി ഈടാക്കി	1-14
32	പെർമിറ്റ് ഫീസ് തെറ്റായ സ്ലാബിൽ ഉൾപ്പെടുത്തി ഈടാക്കി	1-15
33	കെട്ടിടഭാഗം ക്രമവൽക്കരിച്ച് ഫീസ് ഈടാക്കിയിട്ടില്ല	1-16
34	കെട്ടിടത്തിന് കുറവ് വിസ്തീർണ്ണത്തിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു	1-17
35	ആയുർവേദ ഡിസ്പെൻസറിയിലേക്ക് സാധാന സാമഗ്രികൾ വാങ്ങൽ- പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	1-18
36	മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല	1-19
37	K.S.E.B-യ്ക്ക് മുൻകൂർ നല്കിയ തുക- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല	1-20
38	K.M.S.C.L-ലിൽ നിന്നും മരുന്നു വാങ്ങാൻ മുൻകൂർ തുക നല്കിയത് - മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല.	1-21
39	ഐ.കെ.എമ്മിന് മെമ്പർഷിപ്പ്/വിഹിതം നല്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.	1-22

40	കുടുംബശ്രീക്ക് തുക നല്കിയത്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്	1-23
41	തെരുവ് വിളക്ക് വാർഷിക പരിപാലനം-അപാകതകൾ	1-24
42	ചെളി നീക്കം ചെയ്യൽ പ്രവൃത്തിയിൽ നിന്നും ലഭിച്ച മണ്ണ് സ്റ്റാക്ക് ചെയ്തത് നാളിതുവരെയും ലേലം ചെയ്തിട്ടില്ല	1-25
43	മരാമത്ത് പ്രവൃത്തി-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല.	1-26
44	തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി	1-27
45	പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം -അധിക തുക നൽകി	1-28
46	പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം -രേഖകൾ ഹാജരാക്കിയിട്ടില്ല	1-29
47	സ്റ്റാർപദ്ധതി - പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചില്ല	1-30
48	സർക്കാർ സ്കൂളുകളിലേക്ക് കസേര നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല	1-31
49	വായനശാലകളിലേക്കും തുടർ വിദ്യാകേന്ദ്രത്തിലേക്കും കസേര നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല	1-32
50	വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല	1-33
51	കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല	1-34
52	സദ്ഭരണ പദ്ധതി - നടപടികൾ സ്വീകരിച്ചിട്ടില്ല	1-35
53	അഡ്വാൻസ് നൽകിയ തുകകൾ ക്രമീകരിച്ചിട്ടില്ല തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.	1-36
54	ഡെപ്പോസിറ്റ് പ്രവർത്തികൾ ദീർഘകാലമായി പൂർത്തീകരിക്കാതെ നിലനിൽക്കുന്നു	1-37
55	മാലിന്യ സംസ്കരണം -അവലോകനം	1-38
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം -അധിക തുക നൽകി	3-1
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	സ്ഥിര നിക്ഷേപം	4-4
5	വായ്പ/വായ്പ തിരിച്ചടവ്	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷികകണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1
പൊതു അവലോകനം

1-1-1 മുൻകൂർ തുക നൽകിയത് അനുയോജ്യമായ അഡ്വാൻസ് ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

മെഡിക്കൽ ഓഫീസർ പി.എച്ച്.സി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ പ്രോജക്ടുകളിൽ മുൻകൂർ ആയി തുക കൈമാറിയിട്ടുണ്ട്. 2023-24 ൽ മരുന്ന് മുഴുവൻ ആയി ലഭ്യമായിട്ടില്ല. മുൻകൂർ നൽകുമ്പോൾ ഉചിതമായ അഡ്വാൻസ് ശീർഷകത്തിൽ രേഖപ്പെടുത്തുകയും സാധനങ്ങൾ ലഭിക്കുമ്പോൾ മാത്രം ആയത് ചെലവായി ക്രമീകരിക്കുകയും ചെയ്യുന്നതിന് പകരം മുൻകൂർ നൽകിയ ഇടപാട് ചെലവ് ശീർഷകത്തിലാണ് രേഖപ്പെടുത്തിയിട്ടുള്ളത് . തുക മുൻകൂറായി നല്കിയിട്ടുള്ളതിനാലും 31/03/2024 ൽ മരുന്നുകൾ പൂർണമായി ലഭ്യമായിട്ടില്ലാത്തതിനാലും മുൻകൂർ നല്കിയത് ക്രമീകരിക്കുന്നത് നിരീക്ഷിക്കുന്നതിന് ആയത് കണക്കിൽ ഉചിതമായ "ക്രമീകരിക്കാനവശേഷിയ്ക്കുന്ന മുൻകൂർ-460500501" എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്യേണ്ടിയിരുന്നതെങ്കിലും തുക തെറ്റായി ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തി. വിശദാംശം താഴെ ചേർക്കുന്നു.

പ്രോജക്ട് നമ്പർ, പേര്	മുൻകൂർ നൽകിയ തുക	ലഭ്യമായ മരുന്ന് (തുക)	31.03.2024 ൽ ലഭിക്കുവാൻ ബാക്കിയുള്ള മരുന്ന് (വില)	ബുക്ക്ചെയ്ത ശീർഷകം
72/24 (ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ)	3,00,000 42301250/29.11.2023	0	3,00,000	251110208-Medical Institution-Homoeo-Purchase Of Medcines In Health Institutions
കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നു വാങ്ങൽ പ്രൊജക്ട് നം. 89/24	3,64,344 (42301297/17.08.23-117058 42301282/02.11.23 -164146 42301248/30.11.23 -48384 42301178/23.02.24-34756)	2,75,758	88,586	251110108-Alloppathy- Purchase Of Medicines For Hospital
100/24 പാലീയേറ്റീവ് കെയർ	1,83,007 (42301277/08.11.23-24574 42301200/21.01.24-88812 42301140/25.03.24-69621)	1,15,668	67,339	251110012 -Medical InstitutionAlloppathy-Health-Related Activities

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാഞ്ഞാൾ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 28-06-2024 ലെ 2/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12-07-2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ

എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: തൃശ്ശൂർ

തീയതി:21.12.2024

ഡെപ്യൂട്ടി ഡയറക്ടർ

1-1-2 ഡിപ്രിസിയേഷൻ -വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല

2023-24 വർഷത്തെ Income And Expenditureപത്രിക [I-17(A)] പ്രകാരം 1,33,57,693.00 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ വർക്ക്ഷീറ്റ്, ജേണൽ വൗച്ചർ എന്നിവ ഹാജരാക്കിയിട്ടില്ല.

1-1-3 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (I-18, I-19) പ്രകാരം "190000000-Prior Period Income","290000000-Prior Period Expenditure" എന്നീ ഷെഡ്യൂളുകളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

ക്രമ നമ്പർ	ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18)	31.03.2024 ലെ ലെഡ്ജർ ബാക്കി
1	290800501 - Prior Period Expenses - Programme Expenses	4,490.00
	ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19)	
2	190100101- Prior Period Income-Property Tax	1658.00

ടി ലെഡ്ജറിൽ ഉൾപ്പെട്ട ജേണൽ വൗച്ചറുകൾക്ക് ഉപോത്ബലകമായ വർക്ക് ഷീറ്റ് മുതലായ അനുബന്ധ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-1-4 മുൻകൂറായി ലഭിച്ച വരുമാനങ്ങൾ ഡിമാന്റ് രജിസ്റ്ററിൽ ചേർത്ത് വാർഷികകണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

ക്രമ നമ്പർ	വരുമാനം	മുൻകൂർ ശീർഷകം	31.03.2024- ലെ മുൻകൂർ തുക
1	തൊഴിൽ നികുതി	350410102-Advance Collection Of Revenues-Profession Tax /Inst/trad/prof	195,884
2	ലൈസൻസ് ഫീ	350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades	283,217

1-1-5 കുടിശ്ശിക തുകക്ക് അനുസൃതമായി പ്രൊവിഷൻ രേഖപെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ ., തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58 (4) എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-6 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന

ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.
ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 1714467.00 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 4206.00 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകളും പൊരുത്തപ്പെടുന്നില്ല.

1-1-7 വാർഷിക കണക്കിൽ എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ, കുറിപ്പുകൾ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല.
എ) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 ഇ – അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ തുടങ്ങിയവ.
ബി) കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 എഫ് – അടിസ്ഥാന അനുപാതങ്ങൾ.

1-1-8 ജേണൽ എൻട്രികൾക്ക് ആധികാരികമായ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നതു്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-1-9 അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2023-24 ലെ അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങളുടെ ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് സാമ്പത്തിക വർഷാവസാനം (31.03.2024ൽ) മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.

ക്രമ നമ്പർ	ശീർഷകം	വൗച്ചർ നമ്പർ തിയതി	തുക
1	110100101- Property Tax On Residential Buildings(Current)-demand -23-24	42301384/31-03-2024	1,831,076.00
2	110100102- Property Tax On Non-Residential Buildings (Current) -Demand-23-24	42301386/31-03-2024	1,445,485.00
3	110200101- Profession Tax - Institutions Demand- 23-24	42301407/31-03-2024	24,500.00
4	130100101- Rent Receivables From Buildings(Current)- Demand -23-24	42301422/31-03-2024	69,612.00
5	110200105- Receivables For Profession Tax - Traders (Current) -Demand	42301408/31-03-2024	105,700.00

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

1-1-10 ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ കണ്ട അപാകങ്ങൾ

SBI OWN FUND E Payment PANJAL (10536592185) എന്ന ബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പരിശോധിച്ചതിൽ ദീർഘകാലം ആയിട്ടും ക്ലിയർ ചെയ്യാത്ത താഴെ പറയുന്ന തുകകൾ കാണുന്നു.

ക്രമ നമ്പർ	ബാങ്ക്	തുക
1	Cheque Issued But Not Presented Into Bank (P)	18,78,260
2	Directly Credited By Bank	18,079.00
3	Cheque Deposited But Not Cleared	32,515.00
4	Cash Or Cheque Deposited	20,00,000
	ആകെ	39,28,854

ഇവ പരിശോധിച്ച് ഉചിതമായ ശീർഷകത്തിൽ വരവ് വയ്ക്കേണ്ടതും കണക്കിലെടുക്കേണ്ടതുമാണ്.

1-1-11 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-1-12 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി,സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 58 (2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
2. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
3. ലൈസൻസ് ഫീസ് ഡിമാന്റ് രജിസ്റ്റർ
4. പാരമെഡിക്കൽസ്ഥാപനങ്ങളുടെ രജിസ്റ്റർ
5. പട്ടി, പന്നി രജിസ്റ്റർ
6. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ
7. വാടക ഡിമാന്റ് രജിസ്റ്റർ
8. ലേലം രജിസ്റ്റർ

1-2 ബജറ്റ്

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 175 (1) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് ഓരോ വർഷാവസാനത്തിനു മുൻപും അടുത്ത വർഷത്തേക്കുള്ള വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതും വകുപ്പ് 214 (1) പ്രകാരം ആയത് ബജറ്റിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്. സ.ഉ (സാധാ)നം.3291/2016 /ത.സ്വ.ഭ.വ., തിയ്യതി 02.12.2016 ഉത്തരവ് പ്രകാരം അംഗീകരിച്ച 'കേരളത്തിലെ ഗ്രാമപഞ്ചായത്തുകൾക്ക് ബജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വൽ' അനുസരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന പദ്ധതി നിർദ്ദേശങ്ങൾക്ക് വിധേയമായി വാർഷിക വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അംഗീകരിക്കപ്പെട്ട പദ്ധതി നിർദ്ദേശങ്ങൾ ബജറ്റിന്റെ ഭാഗമാക്കേണ്ടതാണ്. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും ക്രോഡീകരിക്കുന്നതും ബജറ്റ് തയ്യാറാക്കലും സംബന്ധിച്ച് മാന്വൽ പ്രകാരം പാലിക്കേണ്ട നടപടി/സമയക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. നിശ്ചയിച്ച പ്രകാരമുള്ള സമയക്രമങ്ങൾ പാലിച്ച് ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്.
21.03.2023 ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നം. 1 പ്രകാരം 2023-24 വർഷത്തെ ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	തൻവർഷം വരവ്	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്
4,46,510.00	37,02,11,610.00	37,06,58,120.00	36,87,48,610.00	19,09,510.00

12.02.2024-ന് ചേർന്ന ഭരണ സമിതി യോഗത്തിലെ തീരുമാനം നമ്പർ 1(1) പ്രകാരം 2023-24 വർഷത്ത പരിഷ്ക്കരിച്ച ബജറ്റ് അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

പ്രാരംഭ ബാക്കി	തൻവർഷം വരവ്	ആകെ വരവ്	ചെലവ്	നീക്കിയിരിപ്പ്
13,35,501	33,20,31,610	33,33,67,111	32,66,27,601	67,39,510

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	മുൻബാക്കി	തൻവർഷവരവ്	GO Project	ആകെ	ചെലവ്	ലാപ്സ് ആയ തുക
വികസന ഫണ്ട്-	0	15749851	1869149	17619000	16791748	827252

ജനറൽ						
വികസന ഫണ്ട്-എസ്.സി.പി	0	10690735	126265	10817000	10373866	443134
മെയിന്റനൻസ്, റോഡ്	0	9534000	0	9534000	6629432	2904568
മെയിന്റനൻസ്, നോൺ-റോഡ്	0	6047400	0	6047400	5531858	515542
ആകെ	0	42021986	1995414	44017400	39326904	4690496

പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭിച്ച 42021986 രൂപയിൽ 4690496 രൂപ ചിലവഴിക്കാതെ ലാപ്സായിട്ടുണ്ട്.

ബി)

ഫണ്ടിനം	മുൻബാക്കി	തൻവർഷവരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(Basic Grant)	1404795	3054381	4459176	3219500	1239676
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്(tied)	3047064	2188000	5235064	3140148	2094916
Health Grant Towards Conversion Of PHCs And Subcentres In To Health And Wellness Centres	108244	384226	492470	250326	242144
Health Grant Towards Support For Diagnostic InfraStructure To The PHCs	237607	909993	1147600	265443	882157
ICDS*	1315504	2687897	4003401	1374654	2628747
Literacy Scheme	0	10688	10688		10688
Total Sanitation	680284	671715	1351999	1341217	10782
Jalanidhi	109851	1712	111563	0	111563
Panchayat-Rural Housing	15388	331	15719	0	15719
Other Schemes	0	4548	4548	0	4548
Other Schemes-Drinking Water	2260078	65327	2325405	0	2325405
Life State Share	1317664	13400000	14717664	12184569	2533095

*- ICDS വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വരവും ചെലവും ലെഡ്ജർ പ്രകാരമുള്ള വരവും ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. Appropriation Control Register സൂക്ഷിക്കാത്തതിനാൽ കണക്കുകളുടെ ക്രത്യത പരിശോധിക്കാൻ കഞ്ഞിട്ടില്ല. ലെഡ്ജർ പ്രകാരമുള്ള കണക്കുകളാണ് ചേർത്തിട്ടുള്ളത്.

1-4 പദ്ധതി അവലോകനം

എ) ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം	ചെലവ് തുകയുടെ ശതമാനം
228	155329961	153	72766977	0	75	67.10	46.84

ബി) വിവിധ നിർവഹണ ഉദ്യോഗസ്ഥർ അംഗീകാരം ലഭ്യമാക്കിയ പ്രൊജക്ടുകൾ നടപ്പിലാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

നിർവ്വഹണ	അംഗീകാരം	അടങ്കൽ	നടപ്പിലാക്കി	ചെലവ്	ചെലവ്

ഉദ്യോഗസ്ഥൻ	ലഭിച്ച പ്രൊജക്ടുകളുടെ എണ്ണം		തുക ചെലവഴിച്ച പദ്ധതികളുടെ എണ്ണം		ശതമാനം
കൃഷി ഓഫീസർ	4	5508245	3	4438245	80.57
വെറ്റിനറി സർജൻ	5	2407800	3	696000	28.90
മെഡിക്കൽ ഓഫീസർ - പി.എച്ച്.സി	13	3739696	19	2180730	58.31
മെഡിക്കൽ ഓഫീസർ (ഹോമിയോ)	1	300000	1	300000	100
മെഡിക്കൽ ഓഫീസർ (ആയുർവേദം)	2	800000	2	746276	93.28
വി.ഇ.ഒ	20	84693778	16	34624095	40.88
ICDS സൂപ്പർ വൈസർ	6	5700000	6	4019805	70.52
ഹെഡ് മാസ്റ്റർ, എൽ പി സ്കൂൾ	8	3111678	6	2368020	76.10
ഡയറി എക്സ്റ്റൻഷൻ ഓഫീസർ	1	750000	1	750000	100
ഗ്രാമപഞ്ചായത്ത് സെക്രട്ടറി	44	9018524	33	7798909	86.47
അസിസ്റ്റന്റ് എഞ്ചിനീയർ	120	38121017	59	13723302	36.0
അസിസ്റ്റന്റ് സെക്രട്ടറി	4	1179223	4	1121595	95.11
	228	155329961	153	72766977	46.84

അംഗീകാരം ലഭിച്ച 228 പദ്ധതികളിൽ എണ്ണം 153 (67.10%) നടപ്പാക്കിട്ടുണ്ട്. വകയിരുത്തിയ തുകകളിൽ 46.84% മാത്രം ചെലവഴിച്ചിട്ടുണ്ട്. സാമ്പത്തിക വികസനത്തിനും സാമൂഹ്യ നീതിക്കും വേണ്ടിയുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുക എന്നത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭരണഘടന ചുമതലയാണ്. പ്രൊജക്ട് ആവിഷ്കരിക്കുന്നതിലും അംഗീകാരം നേടുന്നതിലും സമയക്രമം പാലിച്ച് പരമാവധി ഫണ്ട് വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതത് സാമ്പത്തിക വർഷത്തിൽ തന്നെ പരമാവധി തുക ചെലവഴിക്കുന്ന വിധത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടതാണ്. മോണിറ്ററിംഗ് കാര്യക്ഷമമാക്കി പദ്ധതി പുരോഗതി വിലയിരുത്തി ഫണ്ട് വിനിയോഗം ഉറപ്പാക്കേണ്ടതാണ്.

1-5 ക്ഷേമ പെൻഷനുകൾ

ക്ഷേമ പദ്ധതിയുടെ പേര്	ചെലവു	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	4945200	416
വിധവാ പെൻഷൻ	13360400	1228
വാർദ്ധക്യകാല പെൻഷൻ	24155200	2301
വികലാംഗ പെൻഷൻ	3969400	361
50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	2195800	198
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം	210000	7

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരുപ്പ്
ഭരണചെലവുകൾ	0	2209539	2209539	2197589	11950
ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത്	0	46279418	46279418	46279418	0
മെറ്റീരിയൽ കോസ്റ്റ്	0	10793607	10793607	10793607	0
ആകെ	0	59282564	59282564	59270614	11950

1-7 ക്യാഷ് ബാലൻസ് പരിശോധന

തൃശ്ശൂർ ജില്ലയിലെ പാഞ്ഞാൾ ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.11.2024 തീയതിയിൽ 3.00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,092 രൂപ ക്യാഷ് ബാലൻസിന്റെ കുറവ് ബോധ്യപ്പെട്ടു.

1-8 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-9 ഭരണസമിതിയോഗമിനിറ്റ്സ് - സമയപരിധിക്കകം ക്ലോസ് ചെയ്യുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണസമിതിയോഗങ്ങൾ ഓൺലൈൻ ആക്കുന്നതിനായി ഐ.കെ.എം. വികസിപ്പിച്ച സകർമ്മ ആപ്ലിക്കേഷൻ സ.ഉ (സാധാ.) 3630/2015/ത.സ്വ.ഭ.വ., തീയതി 3.12.2015 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിൽ വിന്യസിച്ചിരുന്നു. എന്നാൽ സകർമ്മ ആപ്ലിക്കേഷൻ മുഖേനയുള്ള ഭരണസമിതിയോഗങ്ങളുടെ നടപടിക്രമങ്ങൾ പരിശോധിച്ചതിൽ മിനിട്ട്സ് പൂർത്തീകരിക്കുന്നതിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം ചട്ടങ്ങളിലെ) ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുന്നില്ല എന്ന് കാണുന്നു. ചട്ടം 26(8) പ്രകാരം യോഗം കഴിഞ്ഞ് മൂന്നുദിവസത്തിനകം സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ മിനിട്ട്സ് തയ്യാറാക്കുന്നതിൽ മാസങ്ങളോളം കാലതാമസം ഉണ്ടാകുന്നുണ്ട്. 2023-24 വർഷം യോഗം ചേർന്നതിന്റെയും മിനിട്ട്സ് തയ്യാറാക്കിയതിന്റെയും വിവരങ്ങൾ ചുവടെ ചേർക്കുന്നു.

യോഗം ചേർന്ന തീയതി	സെക്രട്ടറി മിനിട്ട്സ് തയ്യാറാക്കി അംഗീകാരത്തിനായി അയച്ച തീയതി	പ്രസിഡന്റ് മിനിട്ട്സ് അംഗീകരിച്ച തീയതി
13.04.23	04.05.23	04.05.23
20.04.23	09.06.23	09.06.23
03.05.23	05.06.23	09.06.23
08.06.23	01.07.23	01.07.23
20.06.23	19.07.23	19.07.23
07.07.23	24.07.2023	24.07.2023
14.08.23	01.11.2023	01.11.2023
24.08.23	15.09.2023	15.09.2023
18.09.23	19.10.2023	19.10.2023
13.10.2023	16.11.2023	16.11.2023
21.11.2023	11.12.2023	11.12.2023
11.12.23	05.02.2024	05.02.2024
20.12.23	18.01.2024	18.01.2024
30.12.23	20.02.2024	20.02.2024
12.01.2024	23.03.2024	23.03.2024
05.02.24	15.03.2024	15.03.2024
06.02.24	24.02.2024	28.02.2024
11.03.24	23.04.2024	23.04.2024
12.03.24	02.04.2024	02.04.2024
26.03.24	23.04.2024	23.04.2024

ഓഡിറ്റ് എൻക്വയറി (06/19.11.24) ചട്ടപ്രകാരമുള്ള സമയപരിധിക്കുള്ളിൽ യോഗമിനിട്ട്സ് തയ്യാറാക്കി അംഗീകാരം വാങ്ങുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-10-1 കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിലെ ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡിപ്പാർട്ട്മെന്റ് & എഞ്ചിനീയറിംഗ് വിംഗിൽ നിന്നും ലഭ്യമാക്കിയ രേഖകൾ പ്രകാരം 2023-24 സാമ്പത്തിക വർഷം ഗ്രാമപ്പഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്തു നടത്തിയ ചുവടെ പറയുന്ന കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	കറാറുകാരന്റെ പേര്
1	എ.എം. മുഹമ്മർ
2	മുഹമ്മദ് സുഹൈൽ
3	സുധീഷ് ടി.എസ്.
4	വിഷ്ണു യു.എസ്..
5	ഉമ്മർ എം.എ.
6	ജയൻ
7	എ.കെ.സൈനുദ്ധീൻ
8	ശങ്കുണ്ണി യു.
9	അബ്ബാസ് കെ.എം.
10	എം.എം. അബ്ദുൽ റഷീദ്
11	ശശികുമാർ ടി.എൻ.
12	പി.എം. വീരാൻകുട്ടി
13	അജ്മൽ പി.എ.
14	എം.എം. ഫൈസ്
15	എ.എം. യൂസഫ്
16	രവിചന്ദ്രൻ
17	ഷൈജൻ ജോസ്
18	അബ്ദുൽ കരീം
19	ജ്യോതിഷ് യു.
20	ഹസ്സൻ ഷമീർ
21	എ.വൈ. ഫഹദ്

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (16/21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ടി കരാറുകാർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രശീതി ഹാജരാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

<u>1-10 തൊഴിൽനികുതി പിരിക്കുന്നതിലെ അപാകങ്ങൾ</u>

1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിലെ വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം അറുപത് ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന സ്ഥാപനത്തിലെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമായോ ഉദ്യോഗം വഹിക്കുന്നതോ ആയ ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാവുന്നതാണ്.

1. 2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഒന്നും രണ്ടും അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിവരങ്ങൾ
1	പോസ്റ്റ് ഓഫീസ്, പൈങ്കുളം
2	പോസ്റ്റ് ഓഫീസ്, പാഞ്ഞാൾ

2. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ/വ്യാപാര സ്ഥാപനങ്ങൾ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിച്ച അപേക്ഷകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഒന്നിൽ കൂടുതൽ ജീവനക്കാരുള്ള ചുവടെ പട്ടികയിലെ സ്ഥാപനങ്ങൾ, സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം ലൈസൻസിനായുള്ള അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ടി ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

ക്രമ നമ്പർ	കെട്ടിട നമ്പർ	സ്ഥാപന ഉടമ/ സ്ഥാപനത്തിന്റെ പേര്	ജീവനക്കാരുടെ എണ്ണം.	അർദ്ധവർഷം

1	2/372	ക്ഷീരോത്പാദക സഹകരണ സംഘം, പൈങ്കുളം	3	2nd
2	10/158	ഹൈ പവർ മാരുതി സർവ്വീസ് സെന്ററർ, ഉദുവടി	2	1st & 2nd
3	9/380 എ	ന്യൂ സ്റ്റാർ ഇൻഡസ്ട്രീസ്, കിള്ളിമംഗലം	4	1st & 2nd
4	14/279	കൃഷ്ണ പപ്പടം	4	1st & 2nd
5	14/231	മാവേലി സ്റ്റോർ പാഞ്ഞാൾ	4	1st & 2nd
6	16/339 എ	ന്യൂ സ്റ്റാർ ഇൻഡസ്ട്രീസ്, പൈങ്കുളം	4	1st & 2nd
7	1/327, 329	ശക്തി സെറാമിക്സ് & ക്ലേ പ്രോഡക്ട്സ്, പൈങ്കുളം	5	1st & 2nd
8	7/67	സൂര്യ പ്ലാസ്റ്റിക്ക്സ്, കിള്ളിമംഗലം	7	1st & 2nd
9	15/411 എ	കെ.ജി.എൻ. ഹോളോബ്രിക്സ് , പാഞ്ഞാൾ	2	1st & 2nd
10	9/229 എ), 229 ബി	സഫാക്കോ ഫ്യൂവൽസ് , കിള്ളിമംഗലം	9	1st & 2nd
11	15/384 A	സെന്റ് മേരീസ് ഗ്രാനൈറ്റിസ് പാഞ്ഞാൾ	5	1st & 2nd
12	8/345 B	കുടുംബശ്രീ കാന്റീൻ ഗവ. ആർട്സ് & സയൻസ് കോളേജ്, കിള്ളിമംഗലം	3	1st & 2nd
13	16/339 A	ന്യൂ സ്റ്റാർ ഇൻഡസ്ട്രീസ് പൈങ്കുളം	4	1st & 2nd
14	14/249	ഗ്രേറ്റ് വൺ ഫിനാൻസ്, പാഞ്ഞാൾ	2	1st & 2nd

മേൽ അപാകങ്ങൾക്ക് മറുപടി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/21.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. 1994 ലെ പഞ്ചായത്ത് രാജ് നിയമം, 1996 ലെ തൊഴിൽ നികുതി ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി കൃത്യമായി അസ്സസ്സ് ചെയ്യുന്നതിനും, അസ്സസ്സ് ചെയ്ത നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിനും കാര്യക്ഷമമായ നടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. ആയതിനാൽ ക്രമ നമ്പർ 1 & 2-ലെ പട്ടികയിലെ സ്ഥാപന ഉടമകൾക്ക് നോട്ടീസ് നൽകേണ്ടതും, പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ തൊഴിൽനികുതി നിർണ്ണയ സ്ലാബിൽ ഉൾപ്പെടുന്നുണ്ടെങ്കിൽ നിയമാനുസൃത തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-11-1 പാരാമെഡിക്കൽ സ്ഥാപനങ്ങൾ FATEOS ലൈസൻസ് പുതുക്കാതെ പ്രവർത്തിക്കുന്നു

2023-24 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ രജിസ്ട്രേഷൻ പുതുക്കിയെങ്കിലും ലൈസൻസ് എടുക്കാതെ/പുതുക്കാതെ പ്രവർത്തിക്കുന്നതായി കാണുന്നു.

ക്രമ നമ്പർ	കെട്ടിട നമ്പർ	സ്ഥാപനം.	സ്ഥാപന ഉടമയുടെ പേര്
1	1/307, 308, 309, 310	നിളയോരം റിസോർട്സ് & ആയുർവേദിക് സെന്റർ , പൈങ്കുളം	എം. ഗിരിജ മേനോൻ
2	12/438 B	കളരിക്കൽ പാരമ്പര്യ മർമ്മ ആയുർവേദ ചികിത്സ ഉഴിച്ചിൽ കേന്ദ്രം	ധന്യ ടി.കെ. ധന്യാസ് ഹൗസ്, അണ്ടാണ്ടി പറമ്പ് അരക്കിണർ, കോഴിക്കോട്

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (15/21.11.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ പട്ടികയിലെ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ഫീ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് ഫീസ് അടയ്ക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ആയത് ഈടാക്കി ഒടുക്ക് വരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

1-11 വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ-നടപടികളിൽ അപാകതകൾ

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 1996ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്തിന്റെ അനുമതിയില്ലാതെ മേൽ ചട്ടത്തിലെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള യാതൊന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കാൻ പാടില്ല. മേൽ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

1. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല.

പഞ്ചായത്തിലെ 16 വാർഡുകളിലും ലൈസൻസ് ബാധകമായ സ്ഥാപനങ്ങളുടെ ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ വ്യവസായ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോയെന്ന് ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

2. ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്തി ഡാറ്റാ സർവ്വേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

1	കച്ചവട സ്ഥാപനങ്ങൾ	442
2	പ്രൈവറ്റ് ഹോസ്പിറ്റൽ/ഹെൽത്ത് കെയർ സ്ഥാപനങ്ങൾ	15
3	ഓഡിറ്റോറിയം	7
4	പൗൾട്രി/സ്ലോട്ടർ/ഫിഷ് സ്റ്റാൾ	4
5	ഹോട്ടൽ/ഫുഡ് കോർട്ട്	29
6	സലൂൺ / സ്പാ	14
7	ഓഫീസ് കെട്ടിടങ്ങൾ	55
ആകെ		566

ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിൽ നിന്നും ലഭ്യമായതു പ്രകാരം കച്ചവട സ്ഥാപനങ്ങൾ മാത്രം 442 എണ്ണത്തോളം പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 2023-24 സാമ്പത്തിക വർഷത്തിൽ 285 സ്ഥാപനങ്ങളിൽ നിന്ന് മാത്രമാണ് പഞ്ചായത്ത് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ലൈസൻസ് അനുവദിച്ചവയുടെയും ഹരിതമിത്രം ആപ്ലിക്കേഷനിലെ വാണിജ്യ/വ്യാപാര/വ്യവസായ സ്ഥാപനങ്ങളുടെ കണക്കുകൾ തമ്മിൽ വലിയ അന്തരം നിലനിൽക്കുന്നു.

3. 2023-24 സാമ്പത്തിക വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ, തൊഴിൽ നികുതി രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നിന്നും ചുവടെ പറയുന്ന സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ വിവരങ്ങൾ
1	റാസം സിമന്റ് ബ്രിക്സ്, ബിൽഡിംഗ് മെറ്റീരിയൽസ് & ഇന്റർലോക്ക്സ് പാഞ്ഞാൾ
2	പി.എസ്. എം. സിമന്റ് ബ്രിക്സ്, ബിൽഡിംഗ് മെറ്റീരിയൽസ് & ഇന്റർലോക്ക്സ്, കിള്ളിമംഗലം
3	അൽ റാസം സിമന്റ് ബ്രിക്സ്, ബിൽഡിംഗ് മെറ്റീരിയൽസ് & ഇന്റർലോക്ക്സ്, പാഞ്ഞാൾ
4	ഷെറിൻ ഹോളോബ്രിക്സ് & ഇന്റർലോക്ക്സ്, പൈങ്കുളം
5	എ.കെ. ഹോളോബ്രിക്സ്, കിള്ളിമംഗലം
6	സതേൺ റോക്ക് & അഗ്രഗേറ്റ് മൈനിങ്,

	പൈങ്കുളം

4. പഞ്ചായത്തിന്റെ രശീതി ബുക്ക് പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസില്ലാതെ പ്രവർത്തിച്ചതിന് പിഴ ചുമത്തിയിട്ടുണ്ട്. എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ടി സ്ഥാപനങ്ങൾ 2023-24 സാമ്പത്തിക വർഷത്തിൽ ലൈസൻസ് എടുത്തിട്ടില്ല.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	സ്ഥാപന ഉടമയുടെ പേര്
1	ഗ്യാസ് സ്റ്റൗവ് സർവ്വീസ് സെന്റർ, കിള്ളിമംഗലം	ബിനോയ് എ.പി.
2	ആക്രി കട, ഉദുവടി, കിള്ളിമംഗലം	ബഷീർ വി.
3	സുനിൽ സ്റ്റോർ, കിള്ളിമംഗലം	ഇ.സി. ലാസർ
4	യൂസഫ്, പടിഞ്ഞാറേ പീടികയിൽ വീട്, പാഞ്ഞാൾ	യൂസഫ്

മേൽ അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/21.11.2024) മറുപടി ലഭ്യമായിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്. വാർഡുതലത്തിൽ വസ്തുനികുതി പിരിവ് നടത്തുന്ന ഉദ്യോഗസ്ഥർ അതാത് വാർഡുകളിൽ പ്രവർത്തിക്കുന്ന വാണിജ്യ സ്ഥാപനങ്ങളെല്ലാം തന്നെ ലൈസൻസ് പരിധിയിൽ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കേണ്ടതും, ആയതിന്റെ അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങളെ കണ്ടെത്തി ആയവയ്ക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1-12 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232, 2012 ലെ കേരള പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്കു ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുന്നതിനോ അഥവാ ഏതെങ്കിലും ഇനം മൃഗങ്ങളെയോ പക്ഷികളെയോ വംശവർദ്ധനക്കായി വളർത്തുന്നതിനോ വേണ്ടി നീക്കിവച്ചിട്ടുള്ള കെട്ടിടങ്ങളോ ഷെഡുകളോ ഉള്ളതോ ഇല്ലാത്തതൊ ആയ സ്ഥലത്തിന് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ചട്ടങ്ങളിലെ നിബന്ധനകൾ പാലിക്കാതെയും ചട്ടം 3 (2) ൽ സൂചിപ്പിച്ചിട്ടുള്ളതിൽ കൂടുതൽ മൃഗങ്ങളെയോ പക്ഷികളെയോ വളർത്തുവാൻ പാടില്ല.
ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ, ചട്ടം 10 പ്രകാരം സെക്രട്ടറിയും മറ്റ് ഉദ്യോഗസ്ഥരും ലൈവ്സ്റ്റോക്ക് ഫാമിൽ വളർത്തപ്പെടുന്ന മൃഗങ്ങളുടെയോ പക്ഷികളുടേയോ എണ്ണം തിട്ടപ്പെടുത്തുന്നതിനോ, ഫാമിന്റെ ഉടമസ്ഥൻ അഥവാ നടത്തിപ്പുകാരൻ ഈ ചട്ടങ്ങളിലോ ഗ്രാമ പഞ്ചായത്തിന്റെ അനുമതിയിലോ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പൂർണ്ണമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനോ വേണ്ടി ആറുമാസത്തിലൊരിക്കൽ ലൈവ് സ്റ്റോക്ക് ഫാമിൽ പരിശോധന നടത്തി പരിശോധനാ റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്. എന്നാൽ ഇത്തരം പരിശോധന നടത്തുന്നില്ല.
വെറ്ററിനറി സർജൻ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം താഴെ ചേർത്തിരിക്കുന്ന ലൈവ് സ്റ്റോക്ക് ഫാമുകൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതായി കാണുന്നു. എന്നാൽ ഇവ ലൈവ് സ്റ്റോക്ക് ഫാമുകൾക്കുള്ള ലൈസൻസ് എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പശു ഫാം

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	കന്നുകാലികളുടെ എണ്ണം
1	ജോർജ്കുട്ടി, പനച്ചിക്കൽ ഹൗസ്, കിള്ളിമംഗലം	7	പശു – 50
2	വിനീത് താന്നിശ്ശേരി ഹൗസ് , പാഞ്ഞാൾ	15	പശു – 15
3	വാസു പടിഞ്ഞാറേതിൽ ഹൗസ്, പാഞ്ഞാൾ	15	പശു –14
4	ജോസഫ് വാറപത്തുകുഴിയിൽ ഹൗസ്, കിള്ളിമംഗലം	10	പശു –10

ആട് ഫാം

ക്രമ നമ്പർ	ഫാം ഉടമയുടെ പേര്	വാർഡ് നമ്പർ	കന്നുകാലികളുടെ എണ്ണം
1	ജോർജ്കുട്ടി, പനച്ചിക്കൽ ഹൗസ്, കിള്ളിമംഗലം	7	ആട് – 52

മേൽ അപാകങ്ങൾ സംബന്ധിച്ച് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/21.11.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ ചട്ടങ്ങളിലെ വ്യവസ്ഥകൾക്കോ, നൽകപ്പെട്ട ലൈസൻസിലെ നിബന്ധനകൾക്കോ വിരുദ്ധമായി ഒരാൾ ഒരു ലൈവ്സ്റ്റോക്ക് ഫാം പ്രവർത്തിപ്പിക്കുന്ന പക്ഷം, കുറ്റസ്ഥാപനത്തിൻമേൽ, ആയിരം രൂപയിൽ കവിയാത്ത തുക പിഴ ചുമത്തി ശിക്ഷിക്കപ്പെടേണ്ടതും കുറ്റം തുടർന്നുപോരുന്ന ഓരോ ദിവസത്തേക്കും അമ്പതു രൂപയിൽ കവിയാത്ത തുക അധികപിഴയായി ചുമത്തേണ്ടതാണ്. മേൽ പട്ടികയിലെ ഫാമുകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. പഞ്ചായത്ത് ചുറ്റളവിൽ പ്രവർത്തിക്കുന്നതും ചട്ടങ്ങൾ പ്രകാരം ലൈസൻസ് ആവശ്യമായതുമായ എല്ലാ ഫാമുകളെയും ലൈസൻസ് പരിധിയിൽ കൊണ്ടു വരികയും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ഫാമുകൾക്കെതിരെ നിയമാനുസൃത തുടർ നപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

1-13-1 അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വസ്തു നികുതി ഈടാക്കിയിട്ടില്ല

അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഹയർസെക്കൻഡറി തലം വരെയുള്ള, വിദ്യാഭ്യാസ ആവശ്യത്തിനും അനുബന്ധ ആവശ്യങ്ങൾക്കും ഉപയോഗിക്കുന്ന കെട്ടിടങ്ങളെയും വിദ്യാഭ്യാസ സ്ഥാപനത്തിലെ, വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റൽ കെട്ടിടത്തെയും വസ്തു നികുതി ചുമത്തുന്നത് ഒഴിവാക്കി കൊണ്ടുള്ള 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ ബന്ധപ്പെട്ട സെക്ഷൻ (സെക്ഷൻ 207 (1) ബിഎ) 2023ലെ 18ആം ഭേദഗതി ആക്ടിലൂടെ 01.04.2023 തീയതി പ്രാബല്യത്തിൽ ഒഴിവാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റെവെയർ മുഖേന പരിശോധിച്ചതിൽ ഈ ഇളവ് ഒഴിവാക്കി നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തികവർഷം വസ്തു നികുതി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു .

ക്രമ നമ്പർ	സ്ഥാപനം	കെട്ടിട നമ്പർ	വിസ്തീർണ്ണം (ച.മീറ്റർ)
1	അറഫ ഇംഗ്ലീഷ് സ്കൂൾ, ആറ്റൂർ	12/442, 443, 444, 445, 446	480 2800 948 500 600
2	അൽ ഇർഷാദ് ഇംഗ്ലീഷ് സ്കൂൾ, കിള്ളിമംഗലം	7/390, 391	182.16 1121.91

മേൽ സ്ഥാപനങ്ങളുടെ നികുതി തുക ഡിമാന്റ് ചെയ്ത് ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.11.2024) മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ മേൽ സ്ഥാപനത്തിൽ നിന്നും 01.04.2023 തീയതി മുതലുള്ള വസ്തുനികുതി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

1-13-2 റോഡിന്റെ തരം തെറ്റായി രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചു

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 6-ാം ചട്ടം പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി ഇളവ്/വർദ്ധനവ് വരുത്തേണ്ടതാണ്.

റസിഡൻഷ്യൽ/ നോൺ റസിഡൻഷ്യൽ ഗണത്തിൽ പെടുന്ന കെട്ടിടങ്ങളുടെ കംപ്ലീഷൻ പ്ലാൻ, സഞ്ചയ സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ 5 മീറ്ററോ, അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്നും പ്രവേശനമാർഗ്ഗമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ അടിസ്ഥാന വസ്തു നികുതിയിൽ 20% വർദ്ധനവ് വരുത്തേണ്ടതായിരുന്നു. എന്നാൽ റോഡിന്റെ തരം '1.5മീറ്ററിൽ കൂടുതൽ' എന്ന് രേഖപ്പെടുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. തൻമൂലം അടിസ്ഥാന വസ്തുനികുതിയിൽ വരുത്തേണ്ടതായിരുന്ന 20% വർദ്ധനവിൽ നിന്ന് ടി കെട്ടിടങ്ങൾ ഒഴിവാക്കുകയും അനർഹമായ ഇളവ് നൽകുകയും ചെയ്തിട്ടുണ്ട്. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	വാർഡ്/കെട്ടിട നമ്പർ	സർവ്വേ നമ്പർ	കെട്ടിട ഉടമയുടെ പേര്	ഉപയോഗക്രമം	തറ വിസ്തീർണ്ണം (ച.മീ)	റോഡിന്റെ പേര്	റോഡിന്റെ വീതി
1	7/349 G	260/P9	ഷിയാബ്.എം.എച്ച്. & ആരിഫ.കെ.എ. മണപ്പാട്ടുപറമ്പിൽ വീട്, കിള്ളിമംഗലം	പാർപ്പിടാവശ്യം	214.29	പഞ്ചായത്ത് റോഡ്	5 മീറ്റർ
2	7/349 H	260/P9	ഷിയാബ്.എം.എച്ച്.	വാണിജ്യാവശ്യം	21.84	പഞ്ചായത്ത്	5 മീറ്റർ

			& ആരിഫ.കെ.എ). മണപ്പാട്ടുപറമ്പിൽ വീട്, കിള്ളിമംഗലം			റോഡ്	
3	5/97 A	818/ 4-3	ശങ്കരനാരായണൻ & സാവിത്രി ഒലിപ്പാറയ്ക്കൽ, തൊഴുപ്പാടം	പാർപ്പിടാവശ്യം	101.41	പഞ്ചായത്ത് റോഡ്	5 മീറ്റർ
4	8/17 A	282/ P-6	ഇബ്രാഹിം & സലീന ആശാരിപറമ്പിൽ വീട്, കിള്ളിമംഗലം	പാർപ്പിടാവശ്യം	138.3	കനാൽ റോഡ്	5.5 മീറ്റർ

മേൽ കെട്ടിടങ്ങൾക്ക് അനർഹമായ ഇളവ് നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.11.2024) മറുപടി ലഭ്യമായിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വ്യവസ്ഥകൾ പാലിക്കാതെ നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിനു ലഭിക്കേണ്ട തനതുവരുമാനത്തിൽ കുറവുണ്ടായിട്ടുണ്ട്. ആയതിനാൽ 2023-24 സാമ്പത്തിക വർഷത്തിൽ നമ്പർ അനുവദിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വസ്തു നികുതി നിർണയം നടത്തിയത് കംപ്ലീഷൻ പ്ലാൻ പ്രകാരം പുന:പരിശോധിക്കേണ്ടതാണ്. ഇപ്രകാരമുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഫോം 6-ൽ മാറ്റം വരുത്തി നികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-13-3 ടർഫിന്റെ വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05.04.2023 തീയതിയിലെ സ.ഉ.(അച്ചടി)നം.25/2023/ത.സ്വ.ഭ.വ .പ്രകാരവും 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ 4-ാം ചട്ടപ്രകാരവുമുള്ള ഉപയോഗക്രമത്തിനനുസരിച്ച് ടർഫുകളിൽ നിന്നും 01.04.2023 തീയതി പ്രാബല്യത്തിൽ വസ്തുനികുതി ഈടാക്കേണ്ടതാണ്. സ്ഥലപരിശോധനയിൽ പഞ്ചായത്തിലെ 13-ാം വാർഡിൽ കലന്തർ ടർഫ് എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെങ്കിലും വസ്തുനികുതി നിർണ്ണയിച്ച് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.
മേൽ അപാകത്തിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (19/22.11.2024) മറുപടി ലഭ്യമായിട്ടില്ല. മേൽ സ്ഥാപനത്തിന്റെ വസ്തുനികുതി അടിയന്തിരമായി നിർണ്ണയിച്ച് 01.04.2023 തീയതി മുതലുള്ള വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിൽ മറ്റ് ടർഫുകൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഇവയ്ക്ക് വസ്തുനികുതി നിർണയിച്ച് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

1-13 വസ്തു നികുതി - അപാകതകൾ

വസ്തു നികുതി നിർണ്ണയം സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ തുടർ ഖണ്ഡികകളായി ചേർക്കുന്നു.

1-14 കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷാ ഫീസ് കുറവായി ഈടാക്കി

2019-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കെട്ടിട നിർമ്മാണത്തിനായി നിലവിൽ ഈടാക്കിയിരുന്ന അപേക്ഷാ ഫീസ്, പെർമിറ്റ് ഫീസ് എന്നിവയുടെ നിരക്ക് സ.ഉ.(കൈ) നം.85/2023/ത.സ്വ.ഭ.വ., തീയതി 31.03.2023 ഉത്തരവു പ്രകാരം 10.04.2023 പ്രാബല്യത്തിൽ പുതുക്കി നിശ്ചയിച്ചിരുന്നു. ആയതു പ്രകാരം 2023-24 സാമ്പത്തിക വർഷത്തെ പെർമിറ്റ് രജിസ്റ്റർ, ILGMS സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചതിൽ റസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ കെട്ടിടത്തിന്റെ നിർമ്മാണത്തിനായുള്ള അപേക്ഷാ ഫീസ് കുറവായി ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	അപേക്ഷ നമ്പർ	ഉടമസ്ഥന്റെ പേര്	സർവ്വേ നമ്പർ	തറ വിസ്തീർണ്ണം ച.മീ.	ഉപയോഗക്രമം	ഈടാക്കിയ ഫീസ് (രൂപ)	ഈടാക്കേണ്ടിയിരുന്ന ഫീസ് (രൂപ)	കുറവ് വന്ന തുക (രൂപ)
1	6908/2023	ശങ്കരൻകുട്ടി കുന്നത്ത് കൊണ്ടയിൽ ഹൌസ്, പൈങ്കുളം	308/3-1	138.90 (Existing-86.47 Extention-52.43)	പാർപ്പിടാവശ്യം	300	1000	700
2	3984/2023	സുലൈമാൻ വാടക്കൽ	204/P-26	553.59 (Existing-382.87 Extention-	വാണിജ്യാവശ്യം	1000	3000	2000

		ഹൌസ്, മുള്ളൂർക്കര	170.72)				

പെർമിറ്റ് അപേക്ഷ ഫീസ് ഈടാക്കിയതിൽ കുറവ് വന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (20/22.11.2024) മറുപടി ലഭ്യമായിട്ടില്ല. അപേക്ഷ ഫീസിനത്തിൽ കുറവ് വന്ന തുക ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതും മറ്റ് അപേക്ഷകളിൽ ഇത്തരത്തിൽ കുറവ് വന്നിട്ടുണ്ടോയെന്ന് പരിശോധന നടത്തേണ്ടതുമാണ്.

1-15 പെർമിറ്റ് ഫീസ് തെറ്റായ സ്ലാബിൽ ഉൾപ്പെടുത്തി ഈടാക്കി

31.3.23 ലെ സ.ഉ.(കൈ) നം.85/23/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 10.04.2023 നു ശേഷം പുതുക്കിയ പെർമിറ്റ് ഫീസ് നിലവിൽവന്നു. എന്നാൽ 2023-24 സാമ്പത്തിക വർഷത്തെ ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന അപേക്ഷ തെറ്റായ സ്ലാബിൽ ഉൾപ്പെടുത്തി ഫീസ് ഈടാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

അപേക്ഷ നമ്പർ / തീയതി	കെട്ടിട ഉടമയുടെ പേരു വിവരങ്ങൾ	കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം (ച.മീ)	കെട്ടിടത്തിന്റെ ഉപയോഗ ക്രമം	പെർമിറ്റ് അനുവദിച്ച കെട്ടിടത്തിന്റെ വിസ്തീർണ്ണം (ച.മീ)	ഉൾപ്പെടുത്തിയ സ്ലാബ്	ഈടാക്കിയ പെർമിറ്റ് ഫീസ്	ഉൾപ്പെടുത്തേണ്ട സ്ലാബ്	ഈടാക്കേണ്ട പെർമിറ്റ് ഫീസ്
910/24 24.02.2024	രവി കിള്ളി മംഗലം	127.25	പാർപ്പിടം	96.51	81–150 ച. മീ.	96.51X 50 = 4826	81–150 ച. മീ.	96.51X 50 = 4826
			വാണിജ്യം	30.74	80 ച. മീ. വരെ	30.74 X 10 = 307	81–150 ച. മീ	30.74 X 70 = 2152
ആകെ						5133		6978

ബിൽഡിംഗ് പെർമിറ്റ് ഫീസ് കുറവ് ഈടാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (21/22.11.2024) മറുപടി ലഭ്യമായിട്ടില്ല. സ.ഉ.കൈ. നം.97/2024 ത.സ്വ.ഭ.വ., തീയതി 30.07.2024 പ്രകാരം 10.04.2023 നു ശേഷം ഈടാക്കി വന്നിരുന്ന പെർമിറ്റ് ഫീ സ്ലാബ് പുനഃപരിഷ്ക്കരിച്ച് നിലവിൽ വരികയും ടി ഉത്തരവ് പ്രകാരം ഈടാക്കിയ അധിക തുക തിരികെ നൽകുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ ഫയൽ തെറ്റായ സ്ലാബിൽ ഉൾപ്പെടുത്തി പെർമിറ്റ് ഫീ ഈടാക്കിയതിനാൽ പുതുക്കിയ ഫീസിലേക്ക് ക്രമീകരിക്കേണ്ടതാണ്. പ്രസ്തുത ഫയലിൻമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-16 കെട്ടിടഭാഗം ക്രമവൽക്കരിച്ച് ഫീസ് ഈടാക്കിയിട്ടില്ല

റഷീദ്, കമ്പൻതൊടി ഹൌസ്, കിള്ളിമംഗലം എന്നവരുടെ ഉടമസ്ഥതയിലുള്ള (7/400 എ) നമ്പർ റെസിഡൻഷ്യൽ കെട്ടിടത്തിൽ 22.34 ച.മീ. കെട്ടിടഭാഗം വാണിജ്യാവശ്യത്തിനുള്ള ഉപയോഗക്രമത്തിലേക്ക് മാറ്റുന്നതിനായി അപേക്ഷിച്ചിരുന്നു (File No. 5970/23). അപേക്ഷ പ്രകാരം 22.34 ച.മീ. വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്ന ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തി 7/400 ഇ എന്ന കെട്ടിട നമ്പർ അനുവദിച്ച് വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. ടി ഫയൽ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.അധികമായി നിർമ്മിച്ച ഭാഗം ക്രമവത്ക്കരിച്ചിട്ടില്ല.

സഞ്ചയ പ്രകാരം 230 ച.മീറ്റർ വിസ്തീർണ്ണമുണ്ടായിരുന്ന പാർപ്പിടാവശ്യത്തിനുള്ള കെട്ടിടത്തിന് (7/400 A) 245.97 ച.മീ. വിസ്തീർണം കാണുന്നുണ്ടെന്നും കൂട്ടിച്ചേർക്കലുകൾ നടത്തിയിട്ടുണ്ടെന്നും എൽ.എസ്.ജി.ഡി. ഓവർസിയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂട്ടിച്ചേർക്കപ്പെട്ട കെട്ടിടഭാഗമായ 15.97 ച.മീറ്റർ ക്രമവൽക്കരിച്ചിട്ടില്ല. വിശദ വിവരങ്ങൾ ചേർക്കുന്നു.

അപേക്ഷകൻ	റഷീദ്, കമ്പൻതൊടി ഹൌസ്, കിള്ളിമംഗലം
സർവ്വേ നമ്പർ	262/1-8
കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വിസ്തീർണ്ണം	268.31 ച.മീ. കെട്ടിടം (റെസിഡൻഷ്യൽ - 245.97 ച.മീറ്റർ, വാണിജ്യം 22.34 ച.മീ- ആകെ 268.31 ച.മീ.)
സഞ്ചയ പ്രകാരം ആകെ കെട്ടിടത്തിന്റെ വിസ്തീർണ്ണം	252.34 ച.മീ (റെസിഡൻഷ്യൽ - 230 ച.മീറ്റർ, 7/400 എ) വാണിജ്യം 22.34 ച.മീ - 7/400 ഇ

	ആകെ 252.34 ച.മീ.)
ക്രമവൽക്കരിക്കേണ്ട ഭാഗത്തിന്റെ വിസ്തീർണ്ണം	15.97 ച.മീറ്റർ

പ്രസ്തുത കെട്ടിടത്തിന്റെ 15.97 ച.മീറ്റർ വിസ്തീർണ്ണം ക്രമവത്ക്കരിക്കേണ്ടതും, 7/400 A നമ്പർ കെട്ടിടത്തിന് 245.97 ച.മീ. വിസ്തീർണം എന്ന് സഞ്ചയയിൽ രേഖപ്പെടുത്തി വസ്തുനികുതി പുനർനിർണ്ണയിച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2. ഉപയോഗക്രമം മാറ്റിയ ഭാഗത്തിന് ക്രമവത്ക്കണ ഫീസ് ഈടാക്കിയില്ല.

മേൽപ്പറഞ്ഞ റെസിഡൻഷ്യൽ കെട്ടിടത്തിന്റെ ഒരു ഭാഗമായ 22.34 ച.മീ ഉപയോഗക്രമം മാറ്റി വാണിജ്യാവശ്യത്തിനുള്ള കെട്ടിടം എന്നാക്കി 7/400 ഇ എന്ന കെട്ടിട നമ്പർ നൽകി സഞ്ചയയിൽ രേഖപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ട്. എന്നാൽ ഉപയോഗക്രമം മാറ്റി നൽകുന്നതിന് ക്രമവൽക്കരിച്ച് ക്രമവൽക്കരണ ഫീസ് ഈടാക്കിയിട്ടില്ല. ക്രമവൽക്കരണ ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. (29/22.11.2024)

1-17 കെട്ടിടത്തിന് കുറവ് വിസ്തീർണ്ണത്തിൽ നികുതി നിർണ്ണയിച്ചിരിക്കുന്നു

നോൺ റെസിഡൻഷ്യൽ കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരവും അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പ്രകാരവും സുലൈമാൻ വാടക്കൽ ഹൗസ്, മുള്ളൂർക്കര എന്നവരുടെ ഉടമസ്ഥതയിൽ സർവ്വേ നമ്പർ 204/P-26-ലുള്ള 1821 ച.മീ. പ്ലോട്ടിൽ നിലവിലുള്ളതും നിർദ്ദിഷ്ടവുമായ കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കെട്ടിടം	ഉപയോഗ ഗണം	നില	ബിൽറ്റ് അപ്പ് ഏരിയ (ച.മീ.)
പുതിയ കെട്ടിടം	നോൺ റെസിഡൻഷ്യൽ	തറനിരപ്പ് നില	150.97
		ഒന്നാം നില	19.75
ആകെ			170.72
നിലവിലുള്ള കെട്ടിടം	നോൺ റെസിഡൻഷ്യൽ	തറനിരപ്പ് നില	171.21
		ഒന്നാം നില	194.38
		സ്റ്റയർ	17.28
ആകെ			**382.87**
കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ ബിൽറ്റ് അപ്പ് ഏരിയ			**553.59**

പ്രസ്തുത കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിന്റെ ഫയലും സഞ്ചയയിലെ വിവരങ്ങളും പരിശോധിച്ചതിൽ, കംപ്ലീഷൻ പ്ലാൻ പ്രകാരം ആകെ വിസ്തീർണ്ണം 553.59 ച.മീറ്ററാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ സഞ്ചയ പ്രകാരം (159 A മുതൽ 159 F വരെ) 505.19 ച.മീറ്റർ വിസ്തീർണ്ണത്തിനാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഇപ്രകാരം 48.40 ച.മീറ്റർ കെട്ടിട ഭാഗം നികുതി നിർണ്ണയത്തിൽനിന്ന് ഒഴിവാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/23.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി നിർണ്ണയത്തിലെ അപാകത പരിഹരിച്ച് 48.40 ച.മീറ്റർ കെട്ടിട ഭാഗത്തിന് നികുതി നിർണ്ണയിച്ച് ആയതിന്റെ കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-18 ആയുർവേദ ഡിസ്പെൻസറിയിലേക്ക് സാധാന സാമഗ്രികൾ വാങ്ങൽ- പർച്ചേസ് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പ്രോജക്ട് നമ്പർ	73/24 (ആയുർവേദ ഡിസ്പെൻസറിയ്ക്ക് ഫിസിയോതെറാപ്പി യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട സാമഗ്രികൾ വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ആയുർവേദം)
അടങ്കൽ	2,00,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്	1,46,276
ബിൽ നമ്പർ/ തിയതി	313, തീയതി. 09.02.2024, തുക. 46,991
വൗച്ചർ നമ്പർ/ തീയതി	42301189/09.02.2024

ഇൻവോയ്സ് നമ്പർ/ തീയതി	197/23-24, തീയതി 09.01.2024, തുക 18,710 C/029/23-24, തീയതി 09.01.2024, തുക 28,281

ആയുർവേദ ഡിസ്പെൻസറിയിലേയ്ക്ക് ഫിസിയോതെറാപ്പി യൂണിറ്റിന്റെ സുഗമമായ നടത്തിപ്പിന് വേണ്ട സാമഗ്രികൾ വാങ്ങുന്നതിനായി മേൽ ഇൻവോയ്സ് പ്രകാരം 46,991 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സാമഗ്രികൾ ലിമിറ്റഡ് ടെണ്ടർ നടപടികൾ സ്വീകരിക്കാതെ നേരിട്ടാണ് വാങ്ങിയിരിക്കുന്നത്. സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ., തീ 08.11.2010 പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം അയ്യായിരം രൂപയ്ക്ക് മുകളിലുള്ളതും ഇരുപത്തിഅയ്യായിരം രൂപ വരെയുള്ളതുമായ വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും ഇരുപത്തിഅയ്യായിരം രൂപയ്ക്ക് മുകളിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടർ നടപടികളുമാണ് സ്വീകരിക്കേണ്ടിയിരുന്നത്.

6.4.2019ന് നിലവിൽ വന്ന സ.ഉ.(പി) 7/2019 എസ്.പി.ഡി. ഉത്തരവ് പ്രകാരം 25,000 രൂപയിൽ അധികരിക്കുന്ന വാങ്ങലുകൾ GeM (Government E-Market Place)മുഖേന ആയിരിക്കണമെന്നും, ആവശ്യമായ സ്പെസിഫിക്കേഷൻ GeMൽ ഇല്ലെങ്കിൽ സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരമുള്ള മറ്റ് പ്രൊക്യൂർമെന്റ് മാർഗ്ഗങ്ങളായ ടെണ്ടർ/ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതിനും സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ നേരിട്ട് സാമഗ്രികൾ വാങ്ങിയത് പ്രൊക്യൂർമെന്റ് മാർഗരേഖയ്ക്ക് വിരുദ്ധമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (30/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ വാങ്ങൽ നടപടികളിൽ മാർഗരേഖപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്. വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

1-19 മുൻകൂറായി തുക നൽകിയെങ്കിലും ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രോജക്ട് നമ്പർ	72/24 (ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ)
നിർവ്വഹണ ഉദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (ഹോമിയോ)
അടങ്കൽ	3,00,000 (മെയിന്റനൻസ് ഫണ്ട്- റോഡിതരം)
ചെലവ്	3,00,000
ബിൽ നമ്പർ/ തിയതി	204, തിയതി-24.11.23, തുക. 3,00,000
വൗച്ചർ നമ്പർ/ തീയതി	42301250/29.11.2023

ഹോമിയോ ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങുന്നതിനായി 2023-24 വർഷത്തിൽ 3,00,000 രൂപ ദി മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന്റെ അക്കൗണ്ടിലേയ്ക്ക് (A/c No. 34306403911) കൈമാറിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ലഭ്യമായില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/21.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിന് വിഷയം ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിലെടുത്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

1-20 K.S.E.B-യ്ക്ക് മുൻകൂർ നല്കിയ തുക- പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമല്ല

പ്രൊജക്ട് പേരും/നമ്പറും	ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ പ്രൊജക്ട് നമ്പർ 99/24	ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സിംഗിൾ ഫേസ് ഇലക്ട്രിക്ക് ലൈൻ 3 ഫേസ് ആക്കി മാറ്റൽ പ്രൊജക്ട് നമ്പർ- 246/24
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി	സെക്രട്ടറി
അടങ്കൽ	300000 തനതു ഫണ്ട്	70000 (കേന്ദ്രാവിഷ്കൃത ഫണ്ട്) 30000 (തനതു ഫണ്ട്) ആകെ 100000
ചെലവ്	38066	26965

		(22300200/08.06.23) 7934 (22300391/26.07.23) 156136 (22300651/15.10.2023) 15550 (22300823/30.11.2023) 28085 (22300949/11.01.2024) 53465 (22301195/20.03.2024) ആകെ-299236	(22300947/11.01.24) 11556 (22300948/11.01.24) 12920 (22301054/21.0224) ആകെ 51441

പഞ്ചായത്തിലെ വിവിധ വാർഡുകളിലെ റോഡുകളിൽ ഗതാഗതത്തിന് തടസ്സമായി നിൽക്കുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ കെ.എസ്.ഇ.ബി. ചേലക്കരയ്ക്ക് മേൽ പട്ടിക പ്രകാരം 2,99,236 രൂപ മുൻകൂർ നല്കിയിട്ടുണ്ട്. പൂർത്തീകരണ സാക്ഷ്യപത്രം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് (ഓഡിറ്റ് എൻക്വയറി നമ്പർ 7/2023-24 തിയ്യതി 20.11.2024) 36,019 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കി. ബെയിലിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിന് സിംഗിൾ ഫേസ് ഇലക്ട്രിക്ക് ലൈൻ 3 ഫേസ് ആക്കി മാറ്റൽ എന്ന പ്രവർത്തിയ്ക്ക് നൽകിയ 51,441 രൂപയുടെ പൂർത്തീകരണ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം. 11/2023-24 തിയ്യതി 20.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. കെ.എസ്.ഇ.ബിയിൽ നിന്നും രണ്ടു പദ്ധതിയിലും കൂടി നൽകിയ 3,50,677 രൂപയിൽ ലഭിച്ച 36,019 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയത് കഴിച്ച് അവശേഷിക്കുന്ന 3,14,658 രൂപയുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

1-21 K.M.S.C.L-ലിൽ നിന്നും മരുന്നു വാങ്ങാൻ മുൻകൂർ തുക നല്കിയത് - മുഴുവൻ മരുന്നും ലഭിച്ചിട്ടില്ല.

പാഞ്ഞാളിൽ പ്രവർത്തിക്കുന്ന പ്രാഥമികാരോഗ്യകേന്ദ്രത്തിന് താഴെ പറയുന്ന പട്ടികകൾ പ്രകാരം രണ്ടു പദ്ധതികൾക്കായി മരുന്ന് വാങ്ങുന്നതിന് തുക മുൻകൂർ കൈമാറിയിട്ടുണ്ട്. എന്നാൽ മുൻകൂർ നല്കിയ തുകയുടെ മുഴുവൻ മരുന്നുകളും ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. പ്രാഥമികാരോഗ്യകേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ

പ്രൊജക്ട് പേരും/നമ്പറും	പ്രാഥമികാരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ പ്രൊജക്ട് നമ്പർ- 89/24
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ പി.എച്ച്.സി.
അടങ്കൽ	500000
ചെലവ്	499914 (മെയിന്റനനൻസ് ഫണ്ട് - റോഡിതരം)

മരുന്നുകളും കവറുകൾക്കും വാങ്ങാൻ വേണ്ടിയുള്ള പദ്ധതിയാണിത്. മരുന്നുകൾ ജൻ ഔഷധിയിൽ നിന്നും രൊക്കം തുകയ്ക്കും KMSCL-ലിൽ നിന്നും മരുന്നുകൾ വാങ്ങാനായി മുൻകൂർ തുകയും നല്കിയിട്ടുണ്ട്. KMSCL-ൽ നിന്നും മരുന്നു വാങ്ങാനായി മുൻകൂർകൊടുത്ത തുകയുടേയും ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റേയും വിവരങ്ങൾ താഴെ നല്കുന്നു

ക്രമ നമ്പർ	മുൻകൂർ തുക കൊടുത്ത സ്ഥാപനവും പ്രഫോർമ ഇൻവോയ്സും	തുകയും വൌച്ചർ നമ്പറും	മരുന്നു ലഭിച്ചതിന്റെ വിവരം	ലഭിക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വിവരം	റിമാർക്സ്
01	KMSCL PRF No.871/ 07.08.23 തുക- 117058	117058	Invoice No. 23370/12.12.23 പ്രകാരം 2890 Invoice No. 25529/24.01.24 പ്രകാരം 17338 രൂപ Invoice No. 29771/08.03.24 പ്രകാരം 74032	7624/-	148465 (42301297/ 17.08.23) രൂപയിൽ KMCLന് 117058 രൂപയും KSDPയ്ക്ക് 16421

			രൂപ, Invoice No. 174/02.04.24 പ്രകാരം 15174 രൂപയുടെ മരുന്നും ലഭിച്ചു. ആകെ ലഭിച്ചത് 109434 രൂപയുടെ മരുന്നുകൾ		രൂപയും നല്കി
02	KMSCL PRF1876/27.10.23 Rs-164146	164146/- (42301282/ 02.11.23)	Invoice No.27816/ 24.02.24 പ്രകാരം 28247/-,Invoice No.781/05.04.24 പ്രകാരം 68320/-, Invoice No.49566/25.09.24 പ്രകാരം 12762 രൂപയുടെ മരുന്നും ലഭിച്ചു. ആകെ ലഭിച്ച മരുന്ന് 109329	54817	
03	KMSCL PRF-2256/ 23.11.23 Rs.48384	48384 (42301248/ 30.11.23	Invoice No.428/03.04.24 പ്രകാരം 13664, Invoice No. 39073/14.8.24 പ്രകാരം 9408, Invoice No.49530/25.09.24 പ്രകാരം 6608/-രൂപയുടെ മരുന്ന് ലഭിച്ചു. ആകെ ലഭിച്ച മരുന്ന് 29680/-	18704	
04	KMSCL PRF Invoice No. 4226 Dated 18.02.24 Rs.34756	34756/- (42301178/ 23.02.24)	Invoice No.4943/ 09.05.24 പ്രകാരം 5936/-Invoice No. 12145/11.06.24 പ്രകാരം 312/-Invoice No. 30483/ 26.07.24 പ്രകാരം 8403, Invoice No.50535/ 10.10.24പ്രകാരം 2184/- Invoice No.51489/21.10.24 പ്രകാരം 10480 രൂപയുടെ മരുന്നും ലഭിച്ചു. ആകെ ലഭിച്ച മരുന്ന് 27315	7441	
	Total			88586	

മുൻകൂർ നല്കിയ മരുന്നുകൾ മുഴുവൻ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് അറിയിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (22/24 തിയ്യതി 21.11.2024) അവശേഷിക്കുന്ന മരുന്നുകൾ ലഭിക്കുന്ന മുറയ്ക്ക് വിശദാംശങ്ങൾ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

2.പാലിയേറ്റീവ് കെയർ-മുഴുവൻ മരുന്നുകളും ലഭിച്ചിട്ടില്ല.

പദ്ധതിയുടെ പേരും/നമ്പറും	പാലീയേറ്റീവ് കെയർ പ്രൊജക്ട് നമ്പർ - 100/24
നിർവ്വഹണോദ്യോഗസ്ഥൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.)
അടങ്കൽ	900000

ചെലവ്	741105 (വികസന ഫണ്ട് - ജനറൽ)

പാലിയേറ്റീവ് പ്രവർത്തനത്തിന് വേണ്ടിയുള്ള പദ്ധതിയാണിത്. താഴെ പറയുന്ന പട്ടിക പ്രകാരം പാലിയേറ്റീവ് കെയർ പദ്ധതിയ്ക്ക് വേണ്ട മരുന്ന് വാങ്ങുന്നതിന് കെ.എം.സി.എല്ലിന് മുൻകൂർ തുക നല്കിയിട്ടുണ്ട്. എന്നാൽ മരുന്ന് പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദ വിവരം താഴെ നല്കുന്നു.

ക്രമ നമ്പർ	പ്രഫോർമ ഇൻവോയ്സ് നമ്പർ	തുകയും വൗച്ചർ നമ്പറും	മരുന്നു ലഭിച്ചതിന്റെ വിവരം (ഇൻവോയ്സ് നം/തിയതി)	ലഭിച്ച മരുന്നിന്റെ തുക	ലഭിക്കാൻ അവശേഷിക്കുന്ന മരുന്ന്
01	PRF-1434/ 25.09.23	38869 (42301277/08.11.21) KMSCL-ന് നല്കിയത് 24574/-രൂപ	In.No.27372/21.02.24- 1370 In.No.28988/06.03.24- 14421 In.No.5927/17.05.24- 350 In.No.49350/23.09.24-717 In.No.49954/03.10.24-1165	18023	6551
02	PRF-3046/ 06.01.24 88812	88812 (42301200/21.01.24)	In.No.4914/09.05.24 – 26092 In.No.50591/15.10.24-52183	78275	10537
03.	PRF-4802/ 05.03.24 69621	69621 (42301140/25.03.24	In.No.12312/12.06.24-8573 In.No.36651/08.08.24-9632 In.No.50029/04.10.24 Rs.1165	19370	50251
			ആകെ	115668	67339

67,339 രൂപയുടെ മരുന്നുകൾ ഇനിയും ലഭിക്കാനുള്ളതായി കാണുന്നു. (183007-11566 8). മേൽ രണ്ടു പ്രൊജക്ടുകൾ പ്രകാരം അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.23/24 തിയ്യതി 22.11.2024)

1-22 ഐ.കെ.എമ്മിന് മെമ്പർഷിപ്പ്/വിഹിതം നല്കൽ - ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടില്ല.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴപ്പറയുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിശദ വിവരം താഴ നല്കുന്നു.

പദ്ധതിയുടെ പേരും നമ്പറും	അടങ്കൽ/ഫണ്ട്	ചെലവ്
ഐ.കെ.എം-വിഹിതം നല്കൽ പ്രൊജക്ട് നമ്പർ 3/24	100000 വികസന ഫണ്ട് (ജനറൽ)	100000 (42301335/ 05.06.23)
ഐ.കെ.എം-മെമ്പർഷിപ്പ് ഫീസ് പ്രൊജക്ട് നമ്പർ 277/24	390074 വികസന ഫണ്ട് (ജനറൽ)	390074 (42301145/ 25.03.24)
ഐ.കെ.എം-മെമ്പർഷിപ്പ് ഫീസ് പ്രൊജക്ട് നമ്പർ 281/24	24520 വികസന ഫണ്ട് (ജനറൽ)	24520 (42301126/ 27.03.24)

ഐ.കെ.എമ്മിന് നല്കിയ തുകകളുടെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് എൻക്വയറി നം. 9/2023-24 തിയ്യതി 20.11.2024) ധനവിനിയോഗ പത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

1-23 കുടുംബശ്രീക്ക് തുക നല്കിയത്-വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്

പ്രൊജക്ടിന്റെ പേരും/നമ്പറും	അടങ്കൽ	ചെലവ്
ആശ്രയ പദ്ധതി-തുക കൈമാറൽ പ്രൊജക്ട് നമ്പർ -101/24	1,00,000 വികസന ഫണ്ട് (ജനറൽ)	1,00,000 (42301148/25.03.24)
കുടുംബശ്രീ കലോൽത്സവവും വിപണന മേളയും –വിഹിതം നല്കൽ പ്രൊജക്ട് നമ്പർ - 112/24	50,000 വികസന ഫണ്ട് (ജനറൽ)	50,000 (42301144/25.03.24)

സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികളാണിത്. ആശ്രയ പദ്ധതിയുടെ ഭാഗമായി ഭവന നിർമ്മാണത്തിനായി കുടുംബശ്രീക്ക് 1,00,000 രൂപയും, കുടുബശ്രീ അംഗങ്ങളുടെ കലാസാഹിത്യ വാസനകൾ പരിപോഷിപ്പിക്കുന്നതിനും കുടുംബശ്രീ യൂണിറ്റുകൾ ഉത്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾക്ക് വിപണന

സൗകര്യം ഏർപ്പെടുത്തുന്നതിനുമായി 50,000 രൂപയും ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി സി.ഡി.എസ്. പാങ്ങോളിന് മേൽ പട്ടികയിൽ കാണുന്ന വിധം മുൻകൂർ നല്കിയിട്ടുണ്ട്. നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (8/24 തിയ്യതി 20.11.2024) 22.11.24 ന് ലഭിച്ച മറുപടിയിൽ ആശ്രയയ്ക്ക് 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവിന് മുൻകൂറായി നല്കിയ തുകയാണ് മേൽ പട്ടികയിൽ കാണുന്നതെന്നും തുക ചെലവ് ചെയ്ത് വിവരം ഓഡിറ്റിന് ലഭ്യമാക്കുമെന്നും അറിയിക്കുയുണ്ടായി. നൽകിയ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കുടുംബശ്രീയുടെ ബാങ്ക് പാസ്സ് ബുക്ക് (ആശ്രയ A/c.No.31906747409) പരിശോധിച്ചതിൽ 25.03.2024 തിയ്യതിയിൽ 7,25,948.61 രൂപ അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ അക്കൗണ്ടിൽ (ആശ്രയ A/c.No.31906747409) മേൽ പ്രകാരം നീക്കിയിരിപ്പ് ഉണ്ടായിട്ടും 25.03.24-ന് വിവിധ പദ്ധതി നടത്തിപ്പിന് പഞ്ചായത്ത് വിഹിതം നല്കിയതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മുൻ വർഷങ്ങളിൽ പദ്ധതി വിഹിതത്തിൽ നിന്നും നൽകിയ തുകകൾ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ടെങ്കിൽ ഇക്കാര്യം പരിശോധിച്ച് തിരികെ സർക്കാരിലേക്ക് അടവാക്കി വിവരം അറിയിക്കേണ്ടതാണ്.

1-24 തെരുവ് വിളക്ക് വാർഷിക പരിപാലനം-അപാകതകൾ

പ്രൊജക്ട് പേരും/നമ്പറും	തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി പ്രൊജക്ട് നമ്പർ - 135/24
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
അടങ്കൽ	4,54,797 (വികസന ഫണ്ട്-ജനറൽ) 1,45,203 (മെയിന്റനൻസ് ഫണ്ട്-റോഡിതരം) 1,000(തനതു ഫണ്ട്) ആകെ 6,01,000
ചെലവ്	2,00,000/-(Vr.No.42301320/05.07.23) 2,00,000/- (Vr.No.42301150/25.03.24) 54,797/- (Vr.No.42301259/25.11.23) 1,45,203/- (Vr.No.42301286/07.10.23 ആകെ 6,00,000/-

തെരുവു വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾ നടത്തുന്നതിനാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. തെരുവ് വിളക്കിന്റെ വാർഷിക അറ്റകുറ്റപ്പണി എന്ന പദ്ധതിയ്ക്ക് കരാറുകാർ സമർപ്പിച്ച നിരക്കുകളുടെ താരതമ്യ പത്രികയിൽ കുറവ് രേഖപ്പെടുത്തിയ യുണൈറ്റെഡ് എനർജി സിസ്റ്റം. നെടുമങ്ങാട്, തിരുവനന്തപുരം എന്ന സ്ഥാപനം ബൾബുകൾ മാറ്റി സ്ഥാപിക്കാനും ആവശ്യമായ അറ്റകുറ്റപണികൾക്കുമുള്ള നിരക്കാണ് കോട്ട് ചെയ്തിരിക്കുന്നത്. ആയത് താഴെ പറയും പ്രകാരമാണ്. (ഒരു ബൾബ്/ട്യൂബ് നിരക്ക്)

1. Single Tube Light-245
2. Double Tube Light-360
3. Automatic LED-360
4. Ordinary LED-360
5. Automatic CFL-360
6. CFL-180
7. Automatic Bulb-300
8. Nilivu Replacement Charge-135

എന്നാൽ 17.02.2023 ന് ഗ്രാമപഞ്ചായത്തുമായി ഏർപ്പെട്ട 5/2022 കരാർ പ്രകാരം ഓരോ ഇനത്തിനും അറ്റകുറ്റപണിക്ക് നിരക്ക് രേഖപ്പെടുത്തുന്നതിന് പകരമായി താഴെ കാണുന്നത് പ്രകാരമുള്ള AMC നിരക്കുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

Installment	Period After Agreement Date Which Installment Is Paid	Amount
1	1 Month	600000
2	4 Month	200000
3	7 Month	200000
4	12 Month	200000

കരാറുകാരൻ കോട്ട് ചെയ്ത നിരക്കും കരാറിൽ സൂചിപ്പിച്ച തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഓരോ ബൾബും മാറ്റി സ്ഥാപിക്കുന്നതിന് കോട്ടേഷനിൽ ക്വാട്ട് ചെയ്ത നിരക്കിനു പകരം കരാറിൽ കാണുന്ന വിധമുള്ള A.M.C നിരക്കനുസരിച്ച് മേൽ പട്ടികയിൽ സൂചിപ്പിച്ചതു പ്രകാരമുള്ള തുകയാണ് യുണൈറ്റഡ് എനർജി സിസ്റ്റത്തിന് നല്കിയിരിക്കുന്നത്.

2. പദ്ധതി പരിശോധനയിൽ ഏതാനും വാർഡു മെമ്പർമാർ മാത്രമാണ് ബൾബുകൾ മാറ്റിയതിന്റെ

പോസ്റ്റ് നമ്പർ, ബൾബിന്റെ തരം, സ്പെസിഫിക്കേഷൻ ഉൾപ്പെടെ ലെറ്റർ ഹെഡിൽ രേഖപ്പെടുത്തി നൽകിയിട്ടുള്ളത്. സ്ഥാപനത്തിൽ തെരുവു വിളക്ക് റിപ്പയർ രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആകെ റിപ്പയർ ചെയ്ത തെരുവു വിളക്കുകളുടെ എണ്ണം ലഭ്യമല്ല.

3. ടെണ്ടർ നടപടികളുടെ വിശദ വിവരങ്ങൾ, കമ്മിറ്റി തീരുമാനം എന്നിവ ഹാജരാക്കിയിട്ടില്ല. 14.02.2023-ലെ ടെണ്ടർ താരതമ്യ പത്രികമാത്രമാണ് ഫയലിൽ ഉള്ളടക്കം ചെയ്തിരിക്കുന്നത്. 2022-23 സാമ്പത്തിക വർഷത്തിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് കരാറിലേർപ്പെട്ടിട്ടുണ്ട്. കരാറിലെ വ്യവസ്ഥകൾ പ്രകാരം ഒരു മാസത്തിനകം 6,00,000 രൂപ നൽകേണ്ടതുണ്ട്. ഇതു പ്രകാരം തുക 2022-23 വർഷത്തിൽ നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയില്ല (ഓഡിറ്റ് എൻക്വയറി നം. 12/2023-24, തിയ്യതി-20.11.2024) അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. രേഖകൾ ലഭ്യമാക്കേണ്ടതാണ്.

1-25 ചെളി നീക്കം ചെയ്യൽ പ്രവൃത്തിയിൽ നിന്നും ലഭിച്ച മണ്ണ് സ്റ്റാക്ക് ചെയ്തത് നാളിതുവരെയും ലേലം ചെയ്തിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പിലാക്കിയ പ്രോജക്റ്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്റ്റിന്റെ നമ്പരും/പേരും	അടങ്കൽ	ചെലവ്
228/24, ആസാദി കാ അമൃത് മഹോത്സവ്- ജലരക്ഷ ജീവരക്ഷ- ചോരക്കുളത്തിലെ ചെളി നീക്കം ചെയ്യൽ	3,00,000 (വികസന ഫണ്ട്-ജനറൽ- 2,44,403 തനത് ഫണ്ട്- 55,597)	2,98,695 (വികസന ഫണ്ട്-ജനറൽ- 2,44,403 തനത് ഫണ്ട്- 54,292)

ചേരക്കുളത്തിലെ ചെളി നീക്കം ചെയ്യൽ പ്രവൃത്തിയുടെ ഭാഗമായി നീക്കം ചെയ്തിട്ടുള്ള മണ്ണ് പുഷ്പരാജ്, ഞാലിൽ വീട്, ഷൊർണ്ണൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്താണ് സ്റ്റാക്ക് ചെയ്തിരിക്കുന്നത്. ചെളി നീക്കം ചെയ്യുന്നതിന്റെ ഭാഗമായി E-M Book പ്രകാരം 495.13m^3 മണ്ണ് ലഭ്യമായിട്ടുണ്ട്. ആയത് നാളിതുവരെയും ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല.

സ്റ്റാക്ക് ചെയ്ത മണ്ണ് നാളിതുവരെയും ലേലം ചെയ്യാതിരുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/21.11.2024) മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മണ്ണിന്റെ വാല്യുവേഷൻ റിപ്പോർട്ട് പ്രകാരം ഉടൻതന്നെ മണ്ണ് ലേലം ചെയ്ത് തുക തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

1-26 മരാമത്ത് പ്രവൃത്തി-എഗ്രിമെന്റ് ചമയ്ക്കുവാൻ വൈകിയതിന് പിഴ ഈടാക്കിയില്ല.

2012 ലെ കേരള പൊതുമരാമത്ത് മാന്വൽ വകുപ്പ് 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ചതിനു ശേഷം 7 ദിവസത്തിനകമോ ഫേം പിരീഡിനകമോ (ഏതാണോ കുറവെങ്കിൽ അത്) ടെണ്ടർ സ്വീകരിച്ചതായ രേഖാമൂലമുള്ള അറിയിപ്പ് കരാറുകാരന് നൽകേണ്ടതും 14 ദിവസത്തിനുള്ളിൽ പ്രവൃത്തി സംബന്ധിച്ച് കരാറിലേർപ്പെടേണ്ടതുമാണ്. ടെണ്ടർ അംഗീകരിച്ച തിയതി മുതൽ 14 ദിവസത്തിനകം കരാറിലേർപ്പെടാത്ത പക്ഷം തുടർന്നുള്ള 10 ദിവസത്തിനകം കരാർ തുകയുടെ 1% പിഴ ഈടാക്കി കരാറിലേർപ്പെടുന്നതിനും (പിഴയുടെ പരിധി കുറഞ്ഞത് 1000 രൂപയും കൂടിയത് 25000 രൂപയുമായി നിജപ്പെടുത്തിയിട്ടുണ്ട്.) 24 ദിവസത്തിനുള്ളിൽ കരാറുടമ്പടിയിൽ ഏർപ്പെടാത്ത പക്ഷം കരാറുകാരന്റെ ഓഫർ റദ്ദാക്കി നിരതദ്രവ്യം പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടുന്നതിനും SBD(Standard Bidding Document) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതിനു Tendering Authorityയെ അധികാരപ്പെടുത്തിയും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണം നടത്തിയ താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകൾ ചമയ്ക്കുന്നതിൽ കാലതാമസം ഉണ്ടായിട്ടും മാന്വലിലെ നിബന്ധന പ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ലെന്ന് കണ്ടു.

ക്രമ നമ്പർ	പ്രവൃത്തിയുടെ വിവരം	ലെറ്റർ ഓഫ് അക്സപ്റ്റൻസ് തിയതി	പിഴ കൂടാതെ എഗ്രിമെന്റ് വെക്കേണ്ട അവസാന തിയതി	എഗ്രിമെന്റ് വെച്ച തിയതി, നമ്പർ	ഈടാക്കേണ്ടിയിരുന്ന പിഴ (1%) (₹)
1	പ്രോജക്റ്റ് നം.197/24, ഗോവിന്ദൻപടി- ചോലമ്മക്കാവ് റോഡ് റീടാറിംഗ് (SO.171/23) അടങ്കൽ-500000 (MG-Road) ചെലവ്-484658 (വൗച്ചർ	06.02.2023	19.02.2023	02.03.2023	4109

	നം.42301334/01.06.2023) APAC-410853 കരാറുകാരൻ -ശ്രീ.ശങ്കുണ്ണി.യു എഗ്രിമെന്റ് നം.60/22-23 /AE/LSGD/PJL, Dt.02.03.2023 ഭരണസമിതി തീരുമാനം നം.14/7, തീയതി.25.01.23				
2	പ്രോജക്റ്റ് നം.215/24, ആങ്ങാടിക്കാവ് റോഡ് റീടാറിംഗ് (SO.145/23) അടങ്കൽ-500000 (MG-Road) ചെലവ്-484724 (വൗച്ചർ നം.42301333/01.06.2023) APAC-410898 കരാറുകാരൻ -ശ്രീ.ശങ്കുണ്ണി.യു എഗ്രിമെന്റ് നമ്പർ 60/22-23 /AE/LSGD/PJL, Dt.02.03.2023 ഭരണസമിതി തീരുമാനം നം.14/7, തീയതി.25.01.23	06.02.2023	19.02.2023	02.03.2023	4109
3	പ്രോജക്റ്റ് നമ്പർ-206/24, അങ്കണവാടി നമ്പർ 28-ൽ ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് നിർമ്മാണം (SO.227/23) അടങ്കൽ-200000 (സംസ്ഥാനാവിഷ്കൃതം) ചെലവ്-133363 (വൗച്ചർ നം.(42200938/30.03.2023-58861), 42300253/07.07.2023-74502) APAC-138760 കരാറുകാരൻ -ശ്രീ.വിഷ്ണു വി.എസ് എഗ്രിമെന്റ് നമ്പർ -41/22-23 /AE/LSGD/PJL, Dt.19.01.2023 ഭരണസമിതി തീരുമാനം നമ്പർ-4/1, തീയതി.15.12.22	28.12.2022	10.01.2023	19.01.2023	1388
				ആകെ	9,606

പ്രവൃത്തി ഏറ്റെടുത്ത കരാറുകാർ കരാറിലേർപ്പെടാൻ കാലതാമസം വരുത്തിയതിന് പിഴ ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/21.11.2024)മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കരാറുകാരിൽ നിന്നും പിഴയായി 9,606 ഈടാക്കി തനത് ഫണ്ടിലേക്ക് അടവാക്കേണ്ടതും, ആയതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധയ്ക്കായി ലഭ്യമാക്കേണ്ടതുമാണ്. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-27 തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികൾ- സിമന്റിന് അധിക നിരക്ക് നൽകി

2023-24 സാമ്പത്തിക വർഷത്തിൽ MGNRGA പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്ത ചില പ്രവൃത്തികളിൽ സിമന്റിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുകയാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. പ്രസ്തുത കാലയളവിൽ 375 മുതൽ 410 രൂപവരെയാണ് ഒരുചാക്ക് സിമന്റിന് വിവിധ ബ്രാന്റുകളുടെ മാർക്കറ്റ് വില.

SECURE സോഫ്റ്റ്‌വെയർ പ്രകാരം തയ്യാറാക്കുന്ന MGNRGA-യുടെ എസ്റ്റിമേറ്റുകളിൽ രേഖപ്പെടുത്തിയിട്ടുള്ള സിമന്റിന്റെ നിരക്ക് (50kg Bag ന് Rs. 640/-വരെ) യഥാർത്ഥ മാർക്കറ്റ് വിലയേക്കാൾ കൂടുതലാണ് എന്നതിനാൽ തൊഴിലുറപ്പ് പദ്ധതിയിലേക്ക് സിമന്റ് വാങ്ങുമ്പോൾ യഥാർത്ഥ മാർക്കറ്റ് നിരക്ക് (Packed Commodity ആയതിനാൽ MRP നിരക്കിൽ അധികരിക്കാതെ) മാത്രമേ നൽകാവു എന്ന് MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ അവാർഡ്, MGNRGA മിഷൻ ഡയറക്ടറുടെ 17.08.2022-ലെ നടപടിക്രമം എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരം തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ സിമന്റ് വാങ്ങുന്നതിനു് യഥാർത്ഥ മാർക്കറ്റ് നിരക്ക് മാത്രമേ നൽകുവാൻ പാടുള്ളു.

എന്നാൽ മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ MGNREGA വഴി നടപ്പാക്കിയ കോൺക്രീറ്റിംഗ് പ്രവൃത്തിയിൽ സിമെന്റ് വിതരണം ചെയ്ത വെണ്ടർക്ക് മാർക്കറ്റ് നിരക്ക് അധികരിച്ച് തുക നൽകിയതു മൂലം താഴെ കാണും പ്രകാരം അധിക തുക ചെലവഴിച്ചിട്ടുണ്ട്.

പ്രവൃത്തി	ഉപയോഗിച്ച സിമന്റിന്റെ അളവ്	സിമന്റിന് നൽകിയ തുക/ നിരക്ക്	ബിൽ പ്രകാരം	ആകെ	അധികം

	(Tonne/ Bag)	Tonne/ ചാക്കിന്റെ വില	ആകെ	വാങ്ങിയ വില		
വാർഡ് 6 സന്ധ്യ 184 കിഴില്ലം ഖണ്ഡിക 5 വിഭാഗങ്ങൾക്ക് തൊഴുത്ത് നിർമ്മാണം ആകെ ചെലവ്- 64348 M Book No.11/ 2023-24	0.6 Tonne	11520/T (Or) 576 രൂപ ചാക്ക്	6912 രൂപ	Rs. 7200/T (Or) 360 രൂപ ചാക്ക് (Tax Invoice No.B00546/ 23-24 Dt 20.04.23- Kochappan Traders, Chelakkara	4320	2592

മിഷൻ ഡയറക്ടറുടെ മേൽ ഉത്തരവ് പാലിക്കാതെ സിമന്റിന് അധിക നിരക്ക് നൽകിയതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31/22.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്. സിമെന്റ് ഉൾപ്പെടുന്ന MGNREGA മെറ്റീരിയൽ പ്രവൃത്തികളിൽ അനുവദനീയമായ നിരക്ക് ഉൾപ്പെടുത്തി എസ്റ്റിമേറ്റ്, ബിൽ എന്നിവ തയ്യാറാക്കുവാനും ആയതു പ്രകാരം തുക അനുവദിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

1-28 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം -അധിക തുക നൽകി

പ്രൊജക്ട്	121/24 (പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം)
അടങ്കൽ	12,95,000.00 (വികസന ഫണ്ട് - എസ് സി പി)
ചെലവ്	12,95,000.00
നിർവഹണം	ഹെഡ് മാസ്റ്റർ

മേൽ പ്രൊജക്ട് പ്രകാരം സ്കോളർഷിപ്പ് കൈപറ്റിയ സനൽ പി.വി., S/o വേലു പി.എസ്. എന്ന വിദ്യാർത്ഥി കോ-ഓപ്പറേറ്റീവ് ട്രെയിനിങ്ങ് സെന്റർ എന്ന സ്ഥാപനത്തിൽ പത്ത് മാസം ദൈർഘ്യമുള്ള ജെ.ഡി.സി. (ജൂനിയർ ഡിപ്ലോമ കോഴ്സ്) കോഴ്സ് പഠിക്കുന്ന വിദ്യാർത്ഥിയാണ് എന്ന സാക്ഷ്യപത്രമാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുള്ളത്. 28.05.2022 ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. മാർഗ്ഗരേഖ ഖണ്ഡിക 7.2.4 (I) പ്രകാരം ടി വിദ്യാർത്ഥിയ്ക്ക് +2 വിന് ശേഷമുള്ള മറ്റ് സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് നൽകാവുന്ന സ്കോളർഷിപ്പ് തുകയായ 15,000 രൂപ ആണ് നൽകാവുന്നത്. എന്നാൽ ടി വിദ്യാർത്ഥിയ്ക്ക് പോളിടെക്ടിക്ക് /ഐ.റ്റി.ഐ വിഭാഗത്തിന് നൽകാവുന്ന നിരക്കിൽ 20,000 രൂപ (വൗച്ചർ നമ്പർ-42301206/09.01.2024) നൽകിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി നൽകിയ തുക ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. അധികം നൽകിയ നൽകിയ തുകയായ 5000 രൂപ തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ അടവാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദ വിവരങ്ങൾ ഖണ്ഡിക 3-1 ആയി ചേർത്തിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം. (24/22.11.24)

1-29 പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം -രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട്	121/24 -പട്ടികജാതിക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് ധനസഹായം
അടങ്കൽ	12,95,000.00 (വികസന ഫണ്ട് - എസ്.സി.പി)
ചെലവ്	12,95,000
നിർവഹണം	ഹെഡ് മാസ്റ്റർ

മേൽ പ്രോജക്ട് നടപ്പിലാക്കിയതിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1. രേഖകൾ ഹാജരാക്കിയിട്ടില്ല.

28.05.2022 ലെ സ.ഉ.(കൈ)നം.115/2022/ത.സ്വ.ഭ.വ. മാർഗ്ഗരേഖ ഖണ്ഡിക-7.2.4 (I) പ്രകാരം സംസ്ഥാന സർക്കാരോ, കേന്ദ്ര സർക്കാരോ, സർക്കാരുകൾ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും പ്രവേശനം ലഭിച്ച് പഠനം നടത്തിവരുന്ന വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സ്കോളർഷിപ്പ് നൽകാവുന്നതാണ്. സ്കോളർഷിപ്പ് നൽകിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ പരിശോധിച്ചതിൽ നിത്യശ്രീ എം.എസ്. എന്ന വിദ്യാർത്ഥിനിയ്ക്ക് 30,000 രൂപ സ്കോളർഷിപ്പ് നൽകിയിട്ടുണ്ട്(വൗച്ചർ നമ്പർ- 42301128/25.03.2024). എന്നാൽ ഈ വിദ്യാർത്ഥിനിയുടെ അപേക്ഷ, പഠിക്കുന്ന സ്ഥാപനത്തിൽ നിന്നുള്ള സാക്ഷ്യപത്രം തുടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (24/22.11.24) മറുപടി നൽകിയിട്ടില്ല. രേഖകൾ

ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചെലവഴിച്ച തുകയായ 30,000 രൂപ തടസ്സപ്പെടുത്തുന്നു.

2. ഗുണഭോക്ത ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.

മേൽ മാർഗ്ഗ രേഖ ഖണ്ഡിക 2.13 പ്രകാരം സ്കൂളുകൾ, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ബഡ്സ് സ്കൂളുകൾ, അങ്കണവാടികൾ, നഴ്സറികൾ, ബാലവാടികൾ എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ ഗുണഭോക്താക്കളാകുന്ന സന്ദർഭത്തിൽ (ഉദാ: സ്കോളർഷിപ്പുകൾ, വിദ്യാർത്ഥികൾക്ക് ലാപ്പ് ടോപ്, പഠനോപകരണങ്ങൾ) ഗ്രാമസഭയുടെ അംഗീകാരം കൂടാതെ തന്നെ ആനുകൂല്യങ്ങൾ നൽകാവുന്നതാണ്. സ്ഥാപന മേധാവികൾ (ഹെഡ്മാസ്റ്റർ/പ്രിൻസിപ്പൽ/ഐ.സി.ഡി.എസ് സൂപ്പർവൈസർ) നൽകുന്ന ലിസ്റ്റിൽ നിന്നും അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി അതനുസരിച്ചുള്ള ഗുണഭോക്തൃ ലിസ്റ്റിന് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയശേഷമാകണം നിർവഹണ ഉദ്യോഗസ്ഥൻ ആനുകൂല്യങ്ങൾ വിതരണം ചെയ്യേണ്ടത്. എന്നാൽ ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ ലിസ്റ്റ് ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭയിൽ അവതരിപ്പിക്കണം. ഇത് പ്രകാരം പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരം വാങ്ങിയ ഗുണഭോക്തൃ ലിസ്റ്റ്, ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. അയത് ഹാജരാക്കേണ്ടതാണ്.

3. രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

മേൽ മാർഗ്ഗ രേഖ ഖണ്ഡിക 7.2.4 പ്രകാരം വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. മേൽ രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

4. മുദ്രപത്രത്തിൽ കരാർ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

28.05.2022 ലെ സ.ഉ.(കൈ) നം. 115/2022/LSGD പതിനാലാം പഞ്ചവത്സര പദ്ധതി മാർഗരേഖ ഖണ്ഡിക 2.18 പ്രകാരം ഗുണഭോക്താക്കൾക്ക് 25,000 രൂപയിൽ കുറവ് ആനുകൂല്യം നൽകുന്ന സംഗതികളിൽ കരാറിലേർപ്പെടുന്നതിന് മുദ്രപത്രം ആവശ്യമില്ലാത്തതാണ്. എല്ലാ അപേക്ഷകരിൽ നിന്നും 200 രൂപയുടെ മുദ്രപത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ മുദ്രപത്രങ്ങൾ എല്ലാം തന്നെ കരാർ വ്യവസ്ഥകൾ ഒന്നും എഴുതി ചേർക്കാതെയും കരാറിൽ ഏർപ്പെടാതെയും ശൂന്യമായാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്.

ഓഡിറ്റ് നിർദേശങ്ങൾ

1.നിത്യശ്രീ എം.എസ്. എന്ന വിദ്യാർത്ഥിനിയുടെ അപേക്ഷ, പഠിക്കുന്ന സ്ഥാപനത്തിൽനിന്നുമുള്ള സാക്ഷ്യപത്രം എന്നീ രേഖകൾ ഹാജരാക്കേണ്ടതാണ്.

2.ആനുകൂല്യങ്ങൾ നൽകിയ ഗുണഭോക്താക്കളുടെ ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3.വിദ്യാർത്ഥികളുടെയും കോഴ്സുകളുടെയും വർഷവും വിവരങ്ങളും രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഇവ സാക്ഷ്യപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

4.25,000 രൂപയിൽ കുറവ് ആനുകൂല്യം വാങ്ങുന്ന കാര്യങ്ങളിൽ കരാറിലേർപ്പെടുന്നതിന് മുദ്രപത്രം ആവശ്യമില്ല എങ്കിലും കരാർ വ്യവസ്ഥകൾ ഉഭയസമ്മത പ്രകാരം വെള്ളപേപ്പറിൽ എഴുതി സാക്ഷ്യപ്പെടുത്തി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

5. 25,000 രൂപയിൽ അധികരിക്കുന്ന ആനുകൂല്യങ്ങൾ നൽകുന്ന സംഗതികളിൽ ഈ ആവശ്യത്തിലേക്കായി വാങ്ങുന്ന മുദ്രപത്രങ്ങളിൽ ആവശ്യമായ കരാർ വ്യവസ്ഥകൾ എഴുതി ചേർത്ത് ഉഭയ സമ്മതമായി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-30 സ്റ്റാർപദ്ധതി - പ്രൊക്യൂർമെന്റ് ചട്ടങ്ങൾ പാലിച്ചില്ല

പ്രൊജക്ട്	24/24 (കിള്ളിമംഗലം ജി.യു.പി.സ്കൂളിൽ പ്രീ പ്രൈമറി ക്ലാസ് നവീകരണവുമായി ബന്ധപ്പെട്ട സ്റ്റാർ പദ്ധതി)
അടങ്കൽ	5,00,000.00 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	2,20,005.00
നിർവഹണം	ഹെഡ് മാസ്റ്റർ

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

1.കിള്ളിമംഗലം ജി.യു.പി.സ്കൂളിൽ പ്രീ പ്രൈമറി ക്ലാസ് നവീകരണവുമായി ബന്ധപ്പെട്ട സ്റ്റാർ പദ്ധതിയിൽ മേൽ വൗച്ചറുകൾ പ്രകാരം പെയിന്റ്, ടെലിവിഷൻ, ഇലക്ട്രിക്ക് ഉപകരണങ്ങൾ മുതലായവ വാങ്ങിയിട്ടുണ്ട്. 26.04.2019 ലെ ജി.ഒ(പി) നം.7/19/എസ്.പി.ഡി പ്രകാരം എല്ലാ സർക്കാർ വകുപ്പുകളും 25,000 രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM പോർട്ടലിൽ ലഭ്യമാണെങ്കിൽ ആയത് GeM മുഖേന സമാഹരിക്കേണ്ടതാണ് (ടി വ്യവസ്ഥ 2013 ലെ സ്റ്റോർസ് പർച്ചേസ് മാനവലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) എന്നാൽ GeM മുഖേന വാങ്ങുന്നതിനുള്ള സാധ്യത പരിശോധിച്ചിട്ടില്ല.

2. 28.05.2022 ലെ സ.ഉ (കൈ)നം.115/2022/ത.സ്വ.ഭ.വ. 14-ാം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി മാർഗരേഖ ഖണ്ഡിക 2.20 പ്രകാരം നേരിട്ട് വാങ്ങുന്നതിന് അനുമതി ഇല്ലാത്ത ഇനങ്ങളുടെ വാങ്ങലുകളിൽ 08.11.2010 ലെ സ.ഉ.(പി) നം.259/2010/ത.സ്വ.ഭ.വ. പ്രകാരമുള്ള പ്രൊക്യൂർമെന്റ് മാർഗരേഖ ബാധകമായിരിക്കുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പ്രസ്തുത പ്രൊക്യൂർമെന്റ് മാർഗരേഖ പ്രകാരം മതിപ്പു വില 5000 രൂപയിൽ താഴെയുള്ള വാങ്ങലുകൾക്ക് പെറ്റി പർച്ചേസ് രീതിയിലും 5000 രൂപയിൽ കൂടുതലും എന്നാൽ 25,000 രൂപയിൽ താഴെയുള്ളതമായ വാങ്ങലുകൾ ക്വട്ടേഷൻ മുഖേനയും

മതിപ്പു വില 25,000 രൂപയ്ക്ക് മുകളിലും 1,00,000 രൂപയിൽ താഴെയുമുള്ള വാങ്ങലുകൾ 8-10പേരിൽ നിന്നും (കുറഞ്ഞത് 8) മത്സരാധിഷ്ഠിത നിരക്കുകൾ ക്ഷണിക്കേണ്ടതും 4 മുതൽ 6 വരെ എണ്ണം മത്സരാധിഷ്ഠിത ടെണ്ടറുകൾ ഉറപ്പാക്കി ലിമിറ്റഡ് ടെണ്ടർ മുഖേനയുമാണ് നടപ്പിലാക്കേണ്ടത്. 1,00,000 രൂപയിൽ കൂടുതലുള്ള വാങ്ങലുകൾ ഓപ്പൺ ടെണ്ടർ, ഇ - ടെണ്ടർ മുഖേന മാത്രമാണ് നടപ്പിലാക്കേണ്ടത്. എന്നാൽ മേൽ പ്രൊക്യൂർമെന്റ് നിർദേശങ്ങൾ ഒന്നും പാലിക്കാതെ 2,20,005 രൂപയുടെ വാങ്ങലുകൾ നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഇനം	ബിൽ തുക	വൗച്ചർ നമ്പർ/തീയതി
1	പെയിന്റ് മുതലായവ	94,040	42301174/06.03.24
2	എൽ.ഇ.ഡി. ടെലിവിഷൻ	39,000	42301175/06.03.24
3	ഇലക്ട്രിക്ക് ഉപകരണങ്ങൾ	86,965	42301184/20.02.24
	ആകെ	**2,20,005**	

മേൽ നിർദ്ദേശങ്ങൾ പാലിക്കാതെ പ്രോജക്ട് നടപ്പിലാക്കിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (25/22.11.24) മറുപടി നൽകിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

<u>3. പദ്ധതികൾ മോണിറ്ററിംഗ് നടത്തുന്നില്ല.</u>

പതിനാലാം പഞ്ചവത്സരപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ (19.04.2022 ലെ സ.ഉ(കൈ)നം. 84/2022/ത.സ്വ.ഭ.വ.) ഖണ്ഡിക 14 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രൊജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. ഇത്തരത്തിൽ തയ്യാറാക്കിയിട്ടുള്ള മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

1-31 സർക്കാർ സ്കൂളുകളിലേക്ക് കസേര നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട്	122/24 (സർക്കാർ സ്കൂളുകളിലേക്ക് കസേര നൽകൽ)
അടങ്കൽ	2,00,000.00 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	1,97,135 രൂപ
നിർവഹണം	ഹെഡ് മാസ്റ്റർ
വൗച്ചർ നമ്പർ	42301182/20.02.24

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ട അപാകങ്ങൾ താഴെ ചേർക്കുന്നു.

മേൽ പ്രോജക്ട് പ്രകാരം 1,97,135.00 രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ കസേര വാങ്ങിയ വിവരങ്ങൾ, ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചത്, ഇൻവോയ്സ്, ബിൽ, സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തത് മുതലായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (27/22.11.24) മറുപടി നൽകിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചിലവായ തുകയായ 1,97,135.00 രൂപ തടസ്സപ്പെടുത്തുന്നു.

1-32 വായനശാലകളിലേക്കും തുടർ വിദ്യാകേന്ദ്രത്തിലേക്കും കസേര നൽകൽ - രേഖകൾ ഹാജരാക്കിയിട്ടില്ല

പ്രൊജക്ട്	123/24 (കിള്ളിമംഗലം പാഞ്ഞാൾ വായനശാലകളിലേക്കും തൊഴുപ്പാടം തുടർ വിദ്യാകേന്ദ്രത്തിലേക്കും കസേര നൽകൽ)
അടങ്കൽ	71,000.00 (മെയിന്റനൻസ് ഫണ്ട് - റോഡിതരം)
ചെലവ്	70,880 രൂപ
നിർവഹണം	ഹെഡ് മാസ്റ്റർ
വൗച്ചർ നമ്പർ	42301183/20.02.24

കിള്ളിമംഗലം പാഞ്ഞാൾ വായനശാലകളിലേക്കും, തൊഴുപ്പാടം തുടർ വിദ്യാകേന്ദ്രത്തിലേക്കും കസേര നൽകൽ എന്ന പദ്ധതി പ്രകാരം 70,880 രൂപ ചിലവഴിച്ചിട്ടുണ്ട്. എന്നാൽ കസേര വാങ്ങിയ വിവരങ്ങൾ, ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചത്, ഇൻവോയ്സ്, ബിൽ, സ്റ്റോക്ക് രജിസ്റ്റർ, വിതരണം ചെയ്തത് മുതലായ രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കണം എന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/22.11.24) മറുപടി ലഭ്യമായിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ഈ ഇനത്തിൽ ചിലവായ തുകയായ 70,880.00 രൂപ തടസ്സപ്പെടുത്തുന്നു.

1-33 വെതർ സ്റ്റേഷൻ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല

28.05.22 ലെ സ.ഉ.(കൈ) നം.115/22/ ത.സ്വ.ഭ.വ. മാർഗ്ഗരേഖ ഖണ്ഡിക (7.8.8) പ്രകാരം കാലാവസ്ഥ വ്യതിയാനത്തെ പ്രതിരോധിക്കാനും, ദുരന്ത സാധ്യതയും അതിന്റെ കാഠിന്യവും മനസ്സിലാക്കാനും

താപനില, മഴയുടെ അളവ്, കാറ്റിന്റെ ഗതി, തുടങ്ങിയവയുടെ വിവര ശേഖരണവും അതിന്റെ അപഗ്രഥനവും നടത്തുന്നതിനുമായി ഓരോ പ്രദേശത്തിന്റെയും ദിനാന്തരീക്ഷ സ്ഥിതി മനസ്സിലാക്കുന്നതിനുള്ള വെതർ സ്റ്റേഷൻ ഓരോ ഗ്രാമപഞ്ചായത്ത് പ്രദേശത്തും ഒരെണ്ണമെങ്കിലും സ്ഥാപിക്കണം. അതിനായി ദുരന്ത നിവാരണ അതോറിറ്റി നിർദേശിക്കുന്ന 10x12 മീറ്റർ തുറസ്സായ സ്ഥലം ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയാൽ വെതർ സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള സാങ്കേതികവിദ്യയും, ഫണ്ടും റീബിൽഡ് കേരളം ഇനിഷ്യേറ്റീവ് മുഖാന്തിരം ലഭ്യമാക്കുമെന്നതിനാൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി ഭൂമിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി ദുരന്ത നിവാരണ അതോറിറ്റിയെ അറിയിക്കുന്നതിന് നിർദേശിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/19.11.24) ഇതുവരെ നടപടികൾ ഒന്നും സ്വീകരിച്ചിട്ടില്ല എന്നും അനുയോജ്യമായ സ്ഥലം കണ്ടെത്തി അറിയിക്കുന്നതാണ് എന്നും മറുപടി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-34 കാലാവസ്ഥാ വ്യതിയാനം - പ്രാദേശിക കർമ്മ പദ്ധതി തയ്യാറാക്കിയിട്ടില്ല

